I.ഇ.ബി.XI–കേരള നിയമസഭ/IV5

# പതിനൊന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

## നിയമസഭാ നടപടികൾ

## സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

<u>2002 ജൂൺ 18, ചൊവ്വ</u>

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ . വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

### അടിയന്തിരപ്രമേയം

<u>സ്വകാര്യ സ്വാശ്രയ കോളേജുകളിലെ പ്രവേശനം സംബന്ധിച്ച യു. ഡി. എഫ്. തീരുമാനം</u>

<u>മി.സ്പീക്കർ:</u> സുപ്രീം കോടതി വിധിയുടെ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി സംസ്ഥാനത്ത് സ്വകാര്യ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വിദ്യാർത്ഥി പ്രവേശനം നടത്താൻ ഗവൺമെന്റിന്റെ രാഷ്ട്രീയ തീരുമാനം ഉണ്ടായതിനെത്തുടർന്നു കേരളത്തിലെ വിദ്യാഭ്യാസരംഗം പൂർണ്ണമായും വാണിജ്യവൽക്കരിക്കപ്പെടുന്നതിന്റെ ഫലമായി വന്നുചേർന്നതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ .കോടിയേരി ബാലകൃഷ്ണൻ, ബിനോയ് വിശ്വം, സി. കെ. നാണു, എ. സി. ഷൺമുഖദാസ്, വി. സി. കബീർ, ഡോ. കെ. സി. ജോസഫ് എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി **(ശ്രീ. നാലകത്ത് സൂപ്പി)** : പുതിയ ഒരു നയമെന്നുള്ള നിലയ്ക്ക് സംസ്ഥാനത്ത് സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അനുമതി നൽകുമ്പോൾ നിലവിലുള്ള മാനേജ്മെന്റുകളുടെ അധികാരവും അവകാശവും എങ്ങനെ നിലനിർത്തണ മെന്നതിനെക്കുറിച്ച് ചർച്ച നടന്നു. അക്കാര്യം വളച്ചൊടിച്ച് ന്യൂനപക്ഷാവകാശങ്ങൾ ധ്വംസിക്ക പ്പെടുന്നു എന്നു വരുത്തിത്തീർക്കാനുള്ള പ്രതിപക്ഷശ്രമം മോശമാണ്. കഴിഞ്ഞ വർഷം സ്വാശ്രയ എൻജിനീയറിംഗ് കോളേജുകൾ അനുവദിച്ചപ്പോൾ 15 ശതമാനം മാനേജ്മെന്റ് ക്വാട്ടയിൽ ഏഴര ശതമാനം വീതം ഫ്രീ സീറ്റും പേമെന്റ് സീറ്റുമായി ഹൈക്കോടതി തീരുമാനിച്ചത് ഒരു താൽക്കാലിക അറേഞ്ച്മെന്റ് എന്ന നിലയ്ക്കാണ്. ഈ വർഷം വിവിധ മേഖലകളിലായി കൂടുതൽ സ്വാശ്രയ കോളേജുകൾ വരുന്നുണ്ട്. അപ്പോൾ ന്യൂനപക്ഷാ വകാശങ്ങൾ ഒരു കാരണവശാലും ധ്വംസിക്കപ്പെടാതെതന്നെ ഇതര വിഭാഗങ്ങൾക്കുകൂടി ഇതേ രീതിയിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്താനുള്ള സ്വാതന്ത്ര്യവും സംരക്ഷണവും അവസരവും നിഷേധിക്കപ്പെടരുതെന്ന് ഗവൺമെന്റിന് താൽപ്പര്യമുണ്ട്. അതിന്റെ അടിസ്ഥാ നത്തിൽ പുതുതായി തുടങ്ങുന്ന സ്വാശ്രയ വിദ്യാഭ്യാസസ്ഥാപനങ്ങളിൽ മെരിറ്റ് ക്വാട്ടയും മാനേജ്മെന്റ് ക്വാട്ടയും അനുവദിക്കുന്നത് സംബന്ധിച്ച് യു. ഡി. എഫ്. നൽകിയ ശുപാർശ ഗവൺമെൻറ് പരിശോധിച്ചു കൊണ്ടിരിക്കുകയാണ്. കേരളത്തിൽ സ്വാശ്രയമേഖലയിൽ വിദ്യാഭ്യാസസ്ഥാപനങ്ങൾ നടത്തുന്നതിനുള്ള അവകാശം എല്ലാ വിഭാഗത്തിനും തുല്ല്യമായ രീതിയിൽ അനുവദിക്കണമെന്നും കൂടുതൽ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ സംസ്ഥാനത്തുണ്ടാകണമെന്നും അതേസമയം ന്യൂനപക്ഷാവകാശ ധ്വംസനം ഉണ്ടാകരുതെന്നു മുള്ളതാണ് ഗവൺമെന്റിന്റെ കാഴ്ചപ്പാട്.

**ശ്രീ. കോടിയേരി ബാലകൃഷ്ണൻ:** വിദ്യാഭ്യാസ വകുപ്പുമന്ത്രി നൽകിയ മറുപടി സഭയെ തെറ്റിദ്ധരിപ്പിക്കുന്നതാണ്. സ്വകാര്യ സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിൽ വിദ്യാർത്ഥി പ്രവേശനത്തിന് ന്യൂനപക്ഷ സ്ഥാപനങ്ങൾക്കുള്ള എല്ലാ അധികാരാവകാശങ്ങളും ഭൂരിപക്ഷ സ്ഥാപനങ്ങൾക്കു കൂടി ബാധകമാക്കണമെന്ന് തീരുമാനിച്ചിരിക്കുന്നു എന്നാണ് പത്രവാർത്ത. ഉന്നതവിദ്യാഭ്യാസമേഖലയിൽ ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കാ നിടയാക്കുന്നതാണ് ഈ തീരുമാനം. പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കെല്ലാം ന്യൂനപക്ഷ പദവിക്ക് അർഹതയില്ലെന്നുള്ള സുപ്രീം കോടതി വിധി മറികടന്നുകൊണ്ടുള്ള തീരുമാനമാണ് യു. ഡി. എഫ്. ഗവൺമെന്റ് ഇപ്പോൾ എടുത്തിരിക്കുന്നത്. ന്യൂനപക്ഷ പദവി ഏതെല്ലാം കോളേജുകൾക്ക് കൊടുക്കേണ്ടതാണെന്ന പ്രശ്നം വിവാദമായിരിക്കുമ്പോഴാണ് ന്യൂനപക്ഷ പദവി അനുഭവിക്കുന്ന കോളേജുകളുടെ അവകാശം ഭൂരിപക്ഷത്തിന്റെ കോളേജുകൾക്കുകൂടി ബാധകമാക്കുന്നത്. വിദ്യാഭ്യാസ സ്ഥാപനങ്ങളെ വ്യവസായ സ്ഥാപനങ്ങളായി കാണരുത്. വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തുന്നത് ജീവിക്കാനുള്ള മൗലികാവകാശമായി വ്യാഖ്യാനിക്കപ്പെടരുത്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്ത് എൻ.ആർ.ഐ.ക്കാരുടെ മക്കൾക്ക് നിശ്ചിത സീറ്റ് ലഭ്യമാക്കിയിരുന്നുവെങ്കിൽ ഇപ്പോഴത് എൻ.ആർ.

ഐ. ക്കാർ സ്പോൺസർ ചെയ്യുന്ന ആർക്കും ലഭിക്കുമെന്ന സ്ഥിതിയാണുള്ളത്. ചുരുക്കത്തിൽ 50 ശതമാനം മാർക്ക് വാങ്ങുന്ന ഏതൊരു ധനവാന്റെ മകനും ഡോക്ടറാവാം. ഇരുന്നൂ
റോളം സ്വാശ്രയ കോളേജുകൾ അനുവദിച്ചതോടുകൂടി മെരിറ്റടിസ്ഥാനത്തിൽ പ്രവേശനം അനുവദിച്ചിരുന്ന ഐ. എച്ച്. ആർ. ഡി. യുടേയും സഹകരണ അക്കാഡമിയുടേയും കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ പൂട്ടിപ്പോകുന്ന സ്ഥിതിയാണ് വരാൻ പോകുന്നത്. സഹകരണ അക്കാഡമിയുടെ കീഴിൽ പ്രവർത്തിക്കുന്ന കോളേജുകളിൽ കഴിഞ്ഞ വർഷം നാന്നൂറ് സീറ്റിലേയ്ക്ക് ആളെ കിട്ടിയില്ല. സ്വാശ്രയ സ്ഥാപനങ്ങൾ മാത്രം നിലനിൽക്കുന്ന നിലയിലേയ്ക്കാണ് ഈ ഗവൺമെന്റ് വിദ്യാഭ്യാസ നയം രൂപപ്പെടുത്തിയിട്ടുള്ളത്. ന്യൂനപക്ഷ പദവി മൂലമുള്ള ആനുകൂല്യങ്ങൾ ഭൂരിപക്ഷത്തിനും ബാധകമാക്കുക എന്നു പറഞ്ഞാൽ ന്യൂനപക്ഷ പദവി എടുത്തുകളയുന്ന സ്ഥിതിയാണ് വരാൻ പോകുന്നത്. ജാതിമത ശക്തികൾക്ക് കീഴ്പ്പെട്ട് ഉന്നതവിദ്യാഭ്യാസ രംഗം താറുമാറാക്കരുത്. ഇതു സംബന്ധിച്ച് വിദ്യാഭ്യാസ മന്ത്രി നടത്തിയ വിശദീകരണത്തിലെ അവ്യക്തതകൾ മാറ്റിയെടുക്കുന്നതിന് സഭാനടപടികൾ നിർത്തിവച്ച് ഈ വിഷയം ചർച്ച ചെയ്യണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി **(ശ്രീ.നാലകത്ത് സൂപ്പി)**: ഈ വിഷയം ഉന്നയിച്ച ബഹുമാനപ്പെട്ട മെമ്പർ സഭയെ തെറ്റിദ്ധരിപ്പിക്കുകയാണ്. ന്യൂനപക്ഷ സമുദായം അനുഭവിക്കുന്ന ഒരു ആനുകൂല്യത്തിനെതിരെയും ഗവൺമെന്റ് നിലകൊണ്ടിട്ടില്ല. കൂടുതൽ സ്വാശ്രയ കോളേജുകൾ അനുവദിച്ചത് വിദ്യാർത്ഥികൾക്ക് കൂടുതൽ അവസരങ്ങൾ കിട്ടുന്നതിനുവേണ്ടിയാണ്. ന്യൂനപക്ഷപദവി ഇല്ലാതാക്കുന്നതിനുള്ള ഒരു ശ്രമവും ഗവൺമെന്റ് നടത്തിയിട്ടില്ല. അതേസമയം ന്യൂനപക്ഷപദവിയുള്ള സ്ഥാപനങ്ങൾക്കുള്ള ആനുകൂല്യങ്ങൾ ഏതെല്ലാം സ്ഥാപനങ്ങൾക്കുകൂടി അനുവദിക്കണമെന്ന കാര്യം ഗവൺമെന്റ് വിശദമായി പരിശോധിച്ചശേഷം മാത്രമേ തീരുമാനിക്കുകയുള്ളൂ. ഗവൺമെന്റ് ഇക്കാര്യത്തിൽ ഇതുവരെ അവസാന തീരുമാനം എടുത്തിട്ടില്ല. സുപ്രീം കോടതി വിധിക്കനുസൃതമായി മാത്രമേ ഇതിൽ അവസാന തീരുമാനം കൈക്കൊള്ളുകയുള്ളൂ. അതുകൊണ്ട് സഭാനടപടികൾ നിർത്തിവച്ച് ഈ വിഷയം ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ച ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി. എസ്. അച്ചുതാനന്ദൻ, ബിനോയ് വിശ്വം, ഡോ .എ. നീലലോഹിതദാസൻ നാടാർ എന്നീ പ്രതിപക്ഷ കക്ഷി നേതാക്കന്മാർ പ്രസ്താവനകൾ നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽ നിന്ന് പുറത്തുപോയി. ഡോ. കെ. സി. ജോസഫും ശ്രീ. എ. എ. അസീസും പ്രസ്താവനകൾ നടത്തിയശേഷം

സഭവിട്ട് പുറത്തുപോയി. അല്പ സമയത്തിനുശേഷം സഭവിട്ട് പുറത്തുപോയ അംഗങ്ങൾ വീണ്ടും സഭയിൽ ഹാജരായി.)

## ശ്രദ്ധക്ഷണിക്കൽ

### (1) <u>പാലക്കാട് ജില്ലയിലെ വ്യവസായങ്ങൾ നേരിടുന്ന പ്രതിസന്ധി</u>

**<u>ശ്രീ. വി. കെ. ചന്ദ്രൻ</u>** : പാലക്കാട് ജില്ലയിലെ 36 ഇനം വ്യവസായങ്ങൾ വൻതോതിൽ വായു-ജല മലിനീകരണം വരുത്തുമെന്നുള്ളതുകൊണ്ട് അവയ്ക്ക് ലൈസൻസ് നൽകുന്നതും പുനർപ്രവർത്തനം നടത്തുന്നതും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ശുപാർശ പ്രകാരം നിഷേധിച്ചിരിക്കുകയാണ്. 1997-ൽ കേന്ദ്ര ഗവണ്മെന്റിന്റെ മലിനീകരണ നിയന്ത്രണ ബോർഡിന്റെ അറ്റ്ലസിൽ ഈ മേഖല ഉൾപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് 11-4-2002-ൽ ഇറക്കിയ ഒരു ഉത്തരവിലൂടെയാണ് പാലക്കാട് ജില്ലയിലെ ഇത്തരം വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കാൻ പാടില്ലെന്ന് പറഞ്ഞിരിക്കുന്നത്. ചന്ദ്രനഗർ മുതൽ വാളയാർ വരെയുള്ള 5 ഏക്കർ സ്ഥലത്ത് പതിനായിരക്കണക്കിന് വ്യവസായ ശാലകളുണ്ട്. ഏഷ്യയിലെ തന്നെ ഒരു വമ്പിച്ച വ്യവസായ നഗരമായി അവിടം വളർന്നു വരാനുള്ള സാഹചര്യമുണ്ട്. മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിരോധനം മൂലം ഏതാണ്ട് 50,000-ത്തോളം പേർക്ക് നേരിട്ടും 30,000-ത്തോളം പേർക്ക് പരോക്ഷമായും തൊഴിൽ നഷ്ടപ്പെടും. മലിനീകരണ നിയന്ത്രണ ബോർഡ് നിരോധനം ഏർപ്പെടുത്തിക്കൊണ്ട് നടപ്പിലാക്കിയ ഉത്തരവിന്റെ പരിധിയിൽ പാലക്കാട് ജില്ലയിലെ 22 വ്യവസായങ്ങൾ ഉൾപ്പെടുന്നില്ല. വായു മലിനീകരണമുണ്ടാക്കുന്ന സ്ഥാപനങ്ങൾ പാലക്കാട് ജില്ലയിലില്ല. എന്നിട്ടും പാലക്കാട് ജില്ലയിൽ 36 ഇനം വ്യവസായങ്ങൾ ആരംഭിക്കാൻ പാടില്ലെന്ന് പറയുന്നതിൽ ദുരൂഹതയുണ്ട്. പാലക്കാട് ജില്ലയിൽ നിരോധിക്കപ്പെടുന്ന അത്തരം വ്യവസായങ്ങൾ വാളയാർ മലയ്ക്ക് അപ്പുറത്ത് ഒരു തടസ്സവും കൂടാതെ നടക്കുന്നു. ഇൻഡ്യയിൽ കേന്ദ്ര-സംസ്ഥാന പൊല്യൂഷൻ കൺട്രോൾ ബോർഡുകൾ നിയന്ത്രണം ഏർപ്പെടുത്താത്ത വ്യവസായങ്ങളെ കേരളത്തിൽ, പ്രത്യേകിച്ചും പാലക്കാട് ജില്ലയിൽ നിയന്ത്രിക്കുന്നത് ആ ജില്ലയിലെ വ്യാവസായിക വികസനത്തെയും ജനജീവിതത്തെയും പാടെ തകർക്കും. പാലക്കാട് ജില്ലയിലെ സമസ്ത രംഗങ്ങളേയും തകർക്കാനിടയാക്കുന്ന ഈ നയം സംസ്ഥാന-കേന്ദ്ര മലിനീകരണ ബോർഡുകൾ പുനഃപരിശോധിക്കുന്നതിനാവശ്യമായ സമ്മർദ്ദം ചെലുത്താൻ ഗവൺമെന്റ് തയ്യാറാകണം.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (**<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി)</u>**: സോണിംഗ് അറ്റ്ലസ് എന്ന പേരിൽ നടത്തിയ പഠനമനുസരിച്ച് കേരളത്തിൽ 36 വ്യവസായ ങ്ങൾക്ക് കേന്ദ്ര പൊല്യൂഷൻ കൺട്രോൾ ബോർഡ് ഏകപക്ഷീയമായി നിയന്ത്രണം

ഏർപ്പെടുത്തിയിരിക്കുകയാണ്. മറ്റു സംസ്ഥനങ്ങളിലൊന്നും നടപ്പാക്കാത്ത ഇത്തരം നിയന്ത്രണം കേരളത്തിൽ, പ്രത്യേകിച്ച് വ്യവസായ മേഖലയായ പാലക്കാട് ജില്ലയിൽ ഏർപ്പെടുത്തുന്നതിനെ വ്യവസായ വകുപ്പ് ശക്തിയായി എതിർക്കും. ഇക്കാര്യത്തിൽ ജനപ്രതിതിനിധികളുടെ സഹകരണമുണ്ടാകണം. ഈ വിഷയം ചർച്ച ചെയ്യാനായി പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ പ്രതിനിധികളുടെയും, ജനപ്രതിനിധികളുടെയും, ട്രേഡ് യൂണിയൻ പ്രതിനിധികളുടേയും ഒരു യോഗം വിളിച്ചുകൂട്ടുന്നതാണ്.

(2) <u>തിരുവനന്തപുരത്തിന്റെ വികസന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് തിരുവനന്തപുരം നഗര വികസനവകുപ്പ് രൂപീകരിക്കേണ്ടതിന്റെ ആവശ്യകത.</u>

**<u>ശ്രീ. കെ. മോഹൻകുമാർ</u>**: തിരുവനന്തപുരം കോർപ്പറേഷനും തൊട്ടടുത്ത പഞ്ചായത്തുകളും ചേർത്ത് ഒരു ക്യാപിറ്റൽ റീജിയൻ ഡെവലപ്മെന്റ് ഡിപ്പാർട്ടുമെന്റും വിവിധ വകുപ്പുകളുടെ മേൽനോട്ടത്തിൽ നടന്നുവരുന്ന വികസന പ്രവർത്തനങ്ങൾ വിലയിരുത്താനും ഏകോപിപ്പിക്കാനും വികസന സാദ്ധ്യതകൾ പരിശോധിക്കാനും ഒരു മന്ത്രാലയവും രൂപീകരിക്കണമെന്നും, മുഖ്യമന്ത്രി ആ മന്ത്രാലയത്തിന്റെ ചുമതല വഹിക്കണമെന്നും, അഡിഷണൽ ചീഫ് സെക്രട്ടറിയുടെ റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥനെ ഈ വകുപ്പിന്റെ സെക്രട്ടറിയാക്കണമെന്നും ആവശ്യപ്പെടുകയാണ്. ഉന്നത വിദ്യാഭ്യാസ– സാംസ്ക്കാരിക പാരംപര്യമുള്ള തിരുവനന്തപുരം നഗരം മാറിമാറി വന്ന ഗവൺമെന്റുകളുടെ ഉദാസീനതയും ശ്രദ്ധയില്ലായ്മയും മൂലം ഇന്ന് വളരെ പരിതാപകരമായ അവസ്ഥയിലാണ്. ചേരി പരിഷ്ക്കരണത്തിനു വേണ്ടിയുള്ള പരിശ്രമങ്ങൾ പലതും നടത്തിയെങ്കിലും നാൽപതിലധികം ചേരികൾ പടർന്നു പന്തലിച്ചു കിടക്കുന്നു. ഗതാഗതകുരുക്ക് പരിഹരിക്കാൻ കഴിഞ്ഞിട്ടില്ല. 1966–ൽ ഒരു മാസ്റ്റർ പ്ളാൻ തയ്യാറാക്കി ഒരു ക്യാബിനറ്റ് സബ് കമ്മിറ്റിയും രൂപീകരിച്ചെങ്കിലും ഒരു മീറ്റിംഗ് പോലും കൂടാൻ കമ്മിറ്റിക്ക് കഴിഞ്ഞില്ല. കർണ്ണാടകത്തിൽ ബാംഗ്ളൂർ നഗരത്തിന്റെ വികസനത്തിനായി ഒരു പ്രത്യേക പോർട്ട്ഫോളിയോ ഉണ്ടാക്കി ഒരു പ്രത്യേക മന്ത്രിയെയും നിയമിച്ചു. തിരുവനന്തപുരം നഗരവും പരിസരപ്രദേശങ്ങളും ഉൾപ്പെടുത്തി ഒരു ക്യാപിറ്റൽ ഡെവലപ്മെന്റ് റീജിയൻ രൂപീകരിച്ച് ഒരു പ്രത്യേക മന്ത്രാലയത്തിന്റെ കീഴിൽ കൊണ്ടുവന്ന് തലസ്ഥാന നഗരത്തിന്റെ വികസന പ്രശ്നങ്ങൾക്ക് പരിഹാരം കാണണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി <u>(ശ്രീ. എ.കെ,ആന്റണി)</u>: ഇൻഡ്യയിലെ പല സംസ്ഥാനങ്ങളും അവരുടെ തലസ്ഥാന വികസന കാര്യത്തിൽ താല്പര്യം എടുക്കുന്നതുപോലെ കേരളത്തിന്റെ തലസ്ഥാന വികസന കാര്യത്തിൽ കഴിഞ്ഞ കാലങ്ങളിൽ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല . തിരുവനന്തപുരത്തിന്റെ സമഗ്രവികസനം സർക്കാരിന്റെ പ്രധാനപ്പെട്ട അജണ്ടയായി സ്വീകരിക്കുന്നതും തിരുവനന്തപുരം സിറ്റി കോർപ്പറേഷന്റെയും ബന്ധപ്പെട്ട വകുപ്പുകളുടെയും പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമാക്കുന്നതുമാണ് . ഇതിനാവശ്യമായ ഒരു പദ്ധതി തയ്യാറാക്കാൻ ധനകാര്യം, തദ്ദേശസ്വയംഭരണം, ഇറിഗേഷൻ, മരാമത്ത് ,

സഹകരണം, ഭക്ഷ്യം, ഇൻഫർമേഷൻ എന്നീ വകുപ്പുകളുടെ മന്ത്രിമാർ ഉൾപ്പെടുന്ന ഒരു സബ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട് . ബാംഗ്ളൂർ
നഗര വികസനത്തിന്റെ കാര്യത്തിൽ കർണ്ണാടക ഗവൺമെന്റ് സ്വീകരിച്ച നടപടികൾ പഠിക്കുന്നതിനെക്കുറിച്ച് ആലോചിക്കും . ഈ നിയമസഭാ സമ്മേളനത്തിനുശേഷം ഞാൻ തന്നെ മുൻകയ്യെടുത്ത് ബന്ധപ്പെട്ടവരുടെ യോഗം വിളിച്ച് കാര്യങ്ങൾ ചർച്ച ചെയ്യുന്നതാണ്.

## സബ്മിഷൻ

(1) പൊന്നാനി കടൽത്തീരത്ത് കടലാക്രമണം മൂലമുണ്ടായ നാശനഷ്ടങ്ങൾ

ശ്രീ. എം. പി. ഗംഗാധരൻ : പൊന്നാനി കടൽത്തീരത്ത് മരക്കടവുമുതൽ പുതുപൊന്നാനി വരെ കടലാക്രമണത്തിനിരയായ മത്സ്യത്തൊഴിലാളികൾ പട്ടിണിയിലാണ്. കടൽഭിത്തിയുടെ മെയിന്റനൻസിനും തകർന്ന വീടുകളുടെ പുനർ നിർമ്മാണത്തിനും ഈ കുടുംബങ്ങൾക്ക് സൗജന്യ റേഷൻ നൽകുന്നതിനും അടിയന്തിര നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): പൊന്നാനിയിൽ അലിയാർപ്പള്ളി മുതൽ ബീവിപ്പള്ളി വരെയുള്ള പ്രദേശത്ത് കടലാക്രമണം മൂലം 25 കുടിലുകൾ ഭാഗികമായി തകരുകയും 150 കുടിലുകൾ ഭീഷണിയിലുമാണ്. ബീവിപ്പള്ളിയോടുചേർന്നുള്ള 106 മീറ്ററും ബദരിപ്പള്ളിയോടുചേർന്നുള്ള 100 മീറ്ററും കടൽഭിത്തി അടിയന്തിരമായി പുനരുദ്ധരിക്കുന്നതിന് അനുമതി നല്കിയിട്ടുണ്ട് . റിലീഫ് വർക്കുകളെ സംബന്ധിച്ച് റവന്യു വകുപ്പുമായി ആലോചിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ് ,

(2) പ്രീ–പ്രൈമറി ടീച്ചർമാർക്കും ആയമാർക്കും സേവന വേതന വ്യവസ്ഥ ഉണ്ടാക്കണമെന്ന ആവശ്യം

ശ്രീമതി ഗിരിജാ സുരേന്ദ്രൻ : പ്രീ–പ്രൈമറി അദ്ധ്യാപകർക്കും ആയമാർക്കും സേവന വേതന വ്യവസ്ഥകൾ നടപ്പിലാക്കണം

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി) : പ്രൈമറി വിദ്യാലയങ്ങളോട് ചേർന്നുള്ള പ്രീ– പ്രൈമറി സ്ക്കൂളുകളും അൺ എയിഡഡ് സ്ക്കൂളുകളും പി. ടി. എ നടത്തുന്ന സ്ക്കൂളുകളുമുണ്ട്. പ്രൈമറി സ്ക്കൂളുകളോട് ചേർന്നുള്ള പ്രീ–പ്രൈമറി സ്ക്കൂൾ ടീച്ചർമാർക്ക് ശമ്പളം കൊടുക്കാൻ വ്യവസ്ഥയുണ്ട്. മറ്റ് രണ്ട് കാറ്റഗറികളിലും പെട്ടവർക്ക് ശമ്പളം കൊടുക്കാൻ ഉത്തരവ് കൊടുത്തിട്ടുണ്ടെങ്കിലും പാലിക്കപ്പെടുന്നില്ലെന്ന പരാതിയുണ്ട്. ഇതു സംബന്ധിച്ച് ആവശ്യമായ നിർദ്ദേശം നൽകുന്നതാണ്.

(3) അടൂർ പ്രദേശത്ത് കാറ്റിലും മഴയിലും വീടുകളും കൃഷികളും

## നശിച്ചവർക്ക് നഷ്ടപരിഹാരം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : അടൂർ നിയോജക മണ്ഡലത്തിൽ ഈയിടെയുണ്ടായ ചുഴലിക്കാറ്റുമൂലം വീടുകളും കൃഷികളും നശിച്ചവർക്ക് നഷ്ടപരിഹാരം നൽകണം.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : പ്രകൃതിക്ഷോഭം മൂലം കൃഷിക്ക് സംഭവിക്കുന്ന നാശനഷ്ടങ്ങൾക്ക് അഗ്രിക്കൾച്ചർ ഡിപ്പാർട്ടുമെന്റും വീടുകളുടെ കാര്യത്തിൽ റവന്യൂ ഡിപ്പാർട്ടുമെന്റും റിപ്പോർട്ടു തയ്യാറാക്കി സമർപ്പിക്കുന്ന മുറയ്ക്ക് റവന്യൂ വകുപ്പിൽ നിന്നും സഹായം നൽകുന്നതാണ്.

## (4) ബേപ്പൂർ മണ്ഡലത്തിലെ ഫറൂഖ് കരുവൻതിരുത്തി പ്രദേശങ്ങളിൽ ശുദ്ധജലമെത്തിക്കാൻ നടപടി

ശ്രീ. വി. കെ. സി. മമ്മത്കോയ: വളരെ രൂക്ഷമായ കുടിവെള്ള പ്രശ്നമുള്ള ഫറൂക്ക്, കരുവൻതിരുത്തി വില്ലേജുകളിൽ വെള്ളമെത്തിക്കുന്നതിന് ചീക്കോട് പദ്ധതിക്കുവേണ്ടിയുള്ള കിണറിന്റേയും ടാങ്കിന്റേയും ബന്ധപ്പെട്ട പൈപ്പ് ലൈനിന്റേയും പ്രവർത്തനത്തിന് അംഗീകാരം നൽകി എത്രയും വേഗം പണി ആരംഭിക്കാൻ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): നേരത്തേ അംഗീകാരം കൊടുത്ത ഒരു പ്രോജക്ടാണിത്. ഏഴു പദ്ധതികൾക്ക് പൊതുവായി ഒറ്റ ഇൻടേക്ക് വെല്ലാണുള്ളത്. കിണർ, പമ്പുഹൗസ്, അപ്രോച്ച് ബ്രിഡ്ജുകൾ , പ്രൊട്ടക്ഷൻ ഭിത്തികൾ എന്നിവയുടെ നിർമ്മാണത്തിനുള്ള ടെണ്ടർ സർക്കാർ ഉടൻ അംഗീകരിച്ചു കൊടുക്കാം. ഓവർഹെഡ് ടാങ്കിന്റെ കാര്യം പരിഗണനയിലാണ്. കാലതാമസം കൂടാതെ ഈ പദ്ധതികൾ പൂർത്തീകരിക്കാനുള്ള നടപടികളുമായി മുന്നോട്ടുപോകുന്നതാണ്.

## (5) കൃഷിക്കാർ എടുത്തിട്ടുള്ള കടങ്ങൾക്ക് ഇളവ് നൽകേണ്ടതിന്റെ ആവശ്യകത

ശ്രീ. കെ. സി. ജോസഫ്: 2001-ലെ കാർഷിക കടാശ്വാസനിയമത്തിനു വിരുദ്ധമായി ഫെബ്രുവരി 22-ന് പുറപ്പെടുവിച്ച എസ്. ആർ. ഒ. (നം. 128/02) പ്രകാരം കാർഷിക കടത്തിന്

മാത്രമായി കടാശ്വാസം പരിമിതപ്പെടുത്തിയിരിക്കുകയാണ്. ഇത് എത്രയും വേഗം തിരുത്താൻ ആവശ്യമായ നടപടി സ്വീകരിക്കണം.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): കടം എന്നുപറഞ്ഞാൽ കൃഷിക്കാരൻ എടുത്തിരിക്കുന്ന കടമാണ്. അതിന് ആക്ടിലെ നിർവ്വചനമേ നിലനിൽക്കുകയുള്ളൂ. എന്തെങ്കിലും ക്ളാരിഫിക്കേഷൻ വേണമെന്നുണ്ടെങ്കിൽ 20-ാം വകുപ്പനുസരിച്ച് റൂൾ സഭയുടെ മേശപ്പുറത്ത് വയ്ക്കാം. ആ റൂളിന് ഭേദഗതി കൊണ്ടുവന്നാൽ അത് പരിശോധിക്കുകയും ആവശ്യമായ മാറ്റങ്ങൾ വരുത്തുകയും ചെയ്യാം.

(6) ലേറ്റസ്റ്റ് ദിന പത്രത്തിന്റെ പത്രാധിപരെ ആക്രമിച്ചത് സംബന്ധിച്ച്

ശ്രീ. എം. കുമാരൻ: കാഞ്ഞങ്ങാട് നിന്ന് പ്രസിദ്ധീകരിക്കുന്ന ലേറ്റസ്റ്റ് ദിനപത്രത്തിന്റെ പത്രാധിപൻ അരവിന്ദൻ മാണിക്കോത്തിനെ കഴിഞ്ഞ മേയ് 2-ന് രാത്രി പത്രം ഓഫീസിൽ നിന്നും വീട്ടിലേക്ക് വരുന്ന അവസരത്തിൽ ഒരു സംഘം ആളുകൾ വധിക്കാൻ ശ്രമിച്ച സംഭവത്തെക്കുറിച്ച് അന്വേഷിച്ച് ഉത്തരവാദികളായവരുടെ പേരിൽ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) പ്രസ്തുത സംഭവത്തിൽ ഇൻഡ്യൻ ശിക്ഷാ നിയമത്തിലെ കൊലപാതക ശ്രമം ഉൾപ്പെടെയുള്ള വകുപ്പുകൾ ഉൾപ്പെടുത്തി ഹോസ്ദുർഗ് പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്ത് ഊർജ്ജിതമായ അന്വേഷണം നടത്തിവരുന്നു. അന്വേഷണം ഊർജ്ജിതപ്പെടുത്താൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്.

(7) അഞ്ചൽ മാവിള കശുവണ്ടി ഫാക്ടറി തോഴിലാളികൾ വിഷവായു ശ്വസിച്ചതുമൂലമുണ്ടായ പ്രശ്നങ്ങൾ

ശ്രീ. പി. എസ്. സുപാൽ: അഞ്ചൽ മാവിള കശുവണ്ടി ഫാക്ടറിയിലെ 100-ലധികം തൊഴിലാളികൾ കീടങ്ങൾ നിയന്ത്രിക്കുന്നതിന് തളിച്ച രാസവസ്തുവിൽ നിന്നുള്ള വിഷവായു ശ്വസിച്ചതുമൂലം അവശരായി വിവിധ ആശുപത്രികളിൽ പ്രവേശിപ്പിക്കപ്പെട്ടിരിക്കുകയാണ്. ഈ സംഭവത്തെക്കുറിച്ച് അന്വേഷിച്ച് ഉത്തരവാദികളായവരുടെ പേരിൽ നടപടി സ്വീകരിക്കുകയും ആശുപത്രിയിൽ കഴിയുന്നവർക്ക് സാമ്പത്തികസഹായം നൽകുകയും ചെയ്യണം.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): കാഷ്യൂ ഫാക്ടറിയിൽ കീടനാശിനികൾ തളിക്കുന്നതിന് മുൻപായി പാലിക്കേണ്ട നിബന്ധനകൾ

പാലിക്കാത്തതുകൊണ്ടാണ് ഈ സംഭവം ഉണ്ടായത്. ഗുരുതരമായ സ്ഥിതിവിശേഷം ഇപ്പോൾ അവിടെയില്ല. ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് ഡയറക്ടർ 20-ാം തീയതി ഹെൽത്ത് ഡിപ്പാർട്ടുമെന്റിലേയും പൊല്യൂഷൻ കൺട്രോൾ ബോർഡിലേയും ബന്ധപ്പെട്ടവരുമായി ചർച്ച നടത്തുന്നതാണ്. മുൻകരുതൽ നടപടികൾ സ്വീകരിക്കുന്നതിനാവശ്യമായ എല്ലാ ക്രമീകരണങ്ങളും ചെയ്യുന്നതാണ്.

## റിപ്പോർട്ട് സമർപ്പണം

പട്ടികജാതി-പട്ടികവർഗ്ഗക്ഷേമസമിതിയുടെ ഒന്നും രണ്ടും റിപ്പോർട്ടുകൾ സമർപ്പിച്ചു.

## ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

മത്സ്യബന്ധന മേഖലയിലെ പ്രശ്നങ്ങൾ

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്): അംഗീകൃത വലകൾ ഉപയോഗിച്ച് ഇൻബോർഡ് എഞ്ചിൻ ഘടിപ്പിച്ചതുൾപ്പെടെയുള്ള വള്ളങ്ങൾക്ക് ട്രോളിംഗ് നിരോധനകാലത്തും മത്സ്യബന്ധനം നടത്താം. അംഗീകൃതമല്ലാത്ത വലകൾ ഉപയോഗിച്ച് വള്ളങ്ങൾ മത്സ്യബന്ധനം നടത്താൻ പാടില്ല. ട്രോളിംഗ് നിരോധനത്തിന്റെ ഇതുവരെയുള്ള ഫലത്തെക്കുറിച്ചും മത്സ്യസമ്പത്ത് ഫലപ്രദമായി സംരക്ഷിക്കുന്നതിനുള്ള നടപടികളെപ്പറ്റിയും പഠിക്കാൻ ഫിഷറീസ് ഡയറക്ടർ കൺവീനറായി ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ട്. ആ സമിതി മത്സ്യവികസന മാനേജുമെന്റ് നയം പരിശോധിക്കുകയും പഠിക്കുകയും ആറ് മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്യും. അതിന്റെ അടിസ്ഥാനത്തിൽ അടുത്ത വർഷത്തെ ട്രോളിംഗ് നയം ഗവൺമെന്റ് രൂപീകരിക്കും.

## ക്രമപ്രശ്നം

ചോദ്യങ്ങൾക്ക് ഉത്തരം ലഭിക്കാത്തതു സംബന്ധിച്ച്

ശ്രീ. എം. വി. ജയരാജൻ : 3-ാം സമ്മേളനകാലത്ത് അനുവദിച്ച നക്ഷത്രചിഹ്നമിട്ടതും നക്ഷത്രചിഹ്നമിടാത്തതുമായ 985 ചോദ്യങ്ങളിൽ 151 എണ്ണത്തിന് മാത്രമാണ് മറുപടി ലഭിച്ചത്. ഇത് നിയമസഭാംഗങ്ങളോട് കാണിക്കുന്ന അനാദരവാണ്. കഴിഞ്ഞ നിയമസഭാ സമ്മേളനം അവസാനിക്കുന്ന ഘട്ടത്തിൽ ഇതു സംബന്ധിച്ച് വ്യക്തമായ റൂളിംഗും നൽകിയിട്ടുള്ളതാണ്.

ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി ( ശ്രീ. എം. എം. ഹസ്സൻ) : മന്ത്രിമാർക്ക് അയച്ചിട്ടുള്ള ചോദ്യങ്ങൾക്ക് കൃത്യമായി മന്ത്രിമാർ അഡ്രസ്സ് ചെയ്ത് ഉത്തരം കൊടുത്തിട്ടുണ്ട്.

മി. സ്പീക്കർ : ഞാൻ ചോദ്യങ്ങളെല്ലാം പരിശോധിച്ചു. എല്ലാറ്റിനും ഉത്തരം കിട്ടിയിട്ടില്ല. ചോദ്യങ്ങൾക്ക് ഉത്തരം നൽകാൻ മുഖ്യമന്ത്രി നിർദ്ദേശം കൊടുക്കണം.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) : ഇത് മനഃപൂർവ്വം ഉണ്ടായ വീഴ്ച അല്ല. കൃത്യമായി ഉത്തരം നൽകാൻ സാധിക്കാതെ വന്നത് ഖേദകരമാണ്. സമരകാലമായതു കൊണ്ടും ചോദ്യങ്ങൾ അങ്ങോട്ടുമിങ്ങോട്ടും മാറിപ്പോയതുകൊണ്ടും സെക്രട്ടേറിയറ്റിലും മറ്റ് ഓഫീസുകളിലുമുണ്ടായ പ്രയാസമാണ് ഇതിന് കാരണം. ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കാം.

## നിയമനിർമ്മാണകാര്യം

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടു ചെയ്ത പ്രകാരമുള്ള 2002–ലെ കേരള വനിതാ കമ്മീഷൻ (ഭേദഗതി) ബിൽ

(ചർച്ച തുടർച്ച)

## ക്രമപ്രശ്നം

ബിൽ പൈലറ്റ് ചെയ്യുന്നതു സംബന്ധിച്ച്

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: റൂൾ അനുസരിച്ച് ഈ ബിൽ പൈലറ്റ് ചെയ്തത് ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രിയാണ്. എന്നാൽ ഈ ബിൽ ഇപ്പോൾ മറ്റൊരാൾ അവതരിപ്പിക്കുന്നതിന് സ്പീക്കറുടെ അനുമതി ലഭിച്ചിട്ടുണ്ടോയെന്നറിയണം.

മി. സ്പീക്കർ: ബാംഗ്ളൂരിൽ പോയി അവിടത്തെ ചീഫ് മിനിസ്റ്ററും മറ്റുദ്യോഗസ്ഥൻമാരുമായി ചർച്ച ചെയ്യുന്നതിന് വ്യവസായവകുപ്പുമന്ത്രി അനുവാദം ചോദിച്ചിരുന്നു. അത് വളരെ പ്രധാനപ്പെട്ട കാര്യമായതുകൊണ്ട് അനുവാദം കൊടുത്തു. ഈ ബിൽ ഇന്ന് പൈലറ്റ് ചെയ്യാൻ നിയമവകുപ്പുമന്ത്രിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. മത്തായി ചാക്കോ (തുടർച്ച) സ്ത്രീകളുടെ ക്ഷേമത്തിനായി വിവിധ നിയമങ്ങൾ കേരള നിയമസഭയും പാർലമെന്റും പാസ്സാക്കിയിട്ടുണ്ട്. സത്രീകൾക്കെതിരായിട്ടുള്ള അതിക്രമങ്ങൾ തടയുന്നതിന് ഇൻഡ്യൻ പീനൽകോഡിൽ വ്യവസ്ഥയുണ്ട്. വിവിധതരത്തിൽ പീഡനങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന സ്ത്രീകളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനു

വേണ്ടിയാണ് വനിതാ കമ്മീഷനെ ചുമതലപ്പെടുത്തിയിട്ടുള്ളത്. ഏകപക്ഷീയമായും രാഷ്ട്രീയ ഉദ്ദേശത്തോടുകൂടിയും വനിതാ കമ്മീഷനെ പിരിച്ചുവിടുന്ന നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് . സെക്ഷൻ–11–ൽ പറയുന്ന സാമാന്യ മര്യാദ പോലും യു. ഡി. എഫ്. ഗവണമെന്റ് വനിതാ കമ്മീഷനോട് കാണിച്ചിട്ടില്ല. അംഗങ്ങൾക്ക് പറയാനുള്ളത് കേൾക്കാനുള്ള ന്യായമായ അവസരം നല്കാതെ ഒരംഗത്തെ കമ്മീഷനിൽ നിന്നും നീക്കം ചെയ്യാൻ പാടില്ല. ആക്ഷേപത്തിന് വിധേയരായിട്ടുള്ള മന്ത്രിമാരെങ്കിലും ഈ നീക്കത്തെ തടയാനുള്ള ആർജ്ജവം കാണിക്കേണ്ടതായിരുന്നു. കോൺഗ്രസ്സ് പാർട്ടി എല്ലാ കാലത്തും സ്ത്രീ വിരുദ്ധ നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. പട്ടികജാതി–പട്ടികവർഗ്ഗത്തിൽപ്പട്ട ഒരു വനിതയെ വനിതാ കമ്മീഷനിൽ അംഗമാക്കാനുള്ള ആർജ്ജവംപോലും ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകാതെ പോയത് അപലപനീയമാണ്. 26 മണ്ഡലങ്ങളിൽ മൽസരിച്ചിട്ട ്ഒരു വനിതാ സ്ഥാനാർത്ഥിക്കു പോലും പ്രാതിനിധ്യം നൽകാൻ തയ്യാറാകാതിരുന്ന മുസ്ലീം ലീഗിലെ ഒരു മന്ത്രിയാണ ്ഈ ബിൽ അവതരിപ്പിച്ചിരിക്കുന്നത് എന്നതുകൊണ്ടുതന്നെ

ഈ കമ്മീഷൻ വനിതകളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിന് സ്വീകരിക്കുന്ന സമീപനം എന്തായിരിക്കുമെന്ന് ഊഹിക്കാവുന്നതാണ്.

<u>ശ്രീ. കെ. രാധാകൃഷ്ണൻ:</u> കേരളത്തിലെ ദുരിതം അനുഭവിക്കന്ന മഹാഭൂരിപക്ഷം വരുന്ന വനിതകളുടെ അഭിമാനവും അന്തസ്സും ഉയർത്തിപ്പിടിക്കുവാൻ സഹായകമാകണമെന്ന ലക്ഷ്യത്തോടെ രൂപീകരിച്ച വനിതാ കമ്മീഷനെ ഒരു പ്രത്യേക സാഹചര്യത്തിൽ ഐക്യ ജനാധിപത്യമുന്നണി ഗവൺമെന്റ് പിരിച്ചുവിടുകയാണുണ്ടായത്. പ്ലാനിംഗ് ബോർഡിന്റെ നിർദ്ദേശ പ്രകാരം ചെലവു ചുരുക്കലിന്റെ ഭാഗമായിട്ടാണ് വനിതാ കമ്മീഷൻ അംഗങ്ങളുടെ എണ്ണം കുറച്ചത് എന്ന വാദം അംഗീകരിക്കാൻ കഴിയില്ല. വനിതാ കമ്മീഷൻ മെമ്പർമാരുടെ എണ്ണം കുറച്ചതുകൊണ്ട് സംസ്ഥാനത്തെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കാൻ കഴിയുകയില്ല. ഏതു കാര്യവും സാമ്പത്തികാടിസ്ഥാനത്തിൽ മാത്രം നോക്കിക്കാണുന്ന ഗവണ്മെന്റിന്റെ ഈ സമീപനം മാറ്റി സാമൂഹ്യ പശ്ചാത്തലത്തിൽ പ്രശ്നങ്ങൾ വിലയിരുത്തണം. വനിതകളുടെ സാമൂഹ്യ പദവി ഉയർത്തുന്നതു സംബന്ധിച്ച് ഇടതുപക്ഷ പാർട്ടികൾക്കും കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങൾക്കും സമഗ്രമായ വീക്ഷണമുണ്ട്. ഏതെങ്കിലും ഒരു കമ്മീഷൻ രൂപീകരിക്കപ്പെട്ടതുകൊണ്ടു മാത്രം വനിതകളുടെ പ്രശ്നങ്ങളെല്ലാം അവസാനിക്കുമെന്ന കാഴ്ചപ്പാട് ഇടതുപക്ഷ ജനാധിപത്യമുന്നണി പുലർത്തുന്നില്ലെങ്കിലും അവരുടെ പ്രശ്നങ്ങൾക്ക് താല്ക്കാലികാശ്വാസം നൽകുന്നതിന് ഈ കമ്മീഷന്റെ കാര്യക്ഷമമായ പ്രവർത്തനം കൊണ്ട് സാധിക്കുമെന്ന വിശ്വാസമുണ്ട്. അതുകൊണ്ടാണ് യു. ഡി. എഫ്. നിയമിച്ച കമ്മീഷനെ കൂടുതൽ സ്റ്റെബിലൈസ് ചെയ്യുന്നതിന് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവണ്മെന്റ് ശ്രമിച്ചത്. അതിന്റെ

ഭാഗമായാണ് ചെയർ പേഴ്സണ് ക്യാബിനറ്റ് റാങ്ക് ഉൾപ്പെടെ അനുവദിച്ചത്. പതിനായിരത്തിലധികം പരാതികൾ ആ കമ്മീഷൻ പരിശോധിക്കുകയും തീർപ്പാക്കുകയും ചെയ്തു. ആ വിധത്തിൽ കാര്യക്ഷമമായി പ്രവർത്തിച്ചു വന്ന കമ്മീഷന്റെ അംഗബലം കുറച്ചത് ഗവണ്മെന്റിന്റെ സ്ത്രീവിരുദ്ധ നിലപാടിന്റെ ഭാഗമായിട്ടാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഭരണ കാലത്ത് പിന്നോക്ക കമ്മീഷൻ അംഗങ്ങളുടെ എണ്ണം കുറച്ചിട്ടുണ്ട്. ആ കമ്മീഷനു മുമ്പിൽ ഏഴ് വർഷം കൊണ്ട് വെറും 24 പരാതികൾ മാത്രം ലഭിച്ച സാഹചര്യത്തിലായിരുന്നു അത് ചെയ്തത്. നിലവിലുള്ള കമ്മീഷന്റെ അഡൈ്വസറി നേച്ചറിലുള്ള പ്രവർത്തനം മാറ്റി ജുഡീഷ്യൽ സ്വഭാവത്തോടെയുള്ള പ്രവർത്തനത്തിന് അധികാരം നൽകുന്ന നിയമ ഭേദഗതി കൊണ്ടു വരണം. അടിച്ചമർത്തപ്പെട്ട ഒരു വിഭാഗമെന്ന നിലയ്ക്ക് ദളിതരുടെ പ്രതിനിധിയായി പട്ടിക ജാതി– പട്ടിക വർഗ്ഗത്തിൽപ്പെട്ട ഒരു വനിതയെ കമ്മീഷനിൽ അംഗമായി ഉൾപ്പെടുത്തുന്നതിനുള്ള ആർജ്ജവം ഗവൺമെന്റ് കാണിക്കണം. വനിതാ കമ്മിഷനെ സാമ്പത്തികാടിസ്ഥാനത്തിൽ വീക്ഷിക്കുന്നതും അംഗസംഖ്യയുടെ പേരിൽ സാമുദായിക പ്രാതിനിധ്യം നഷ്ടപ്പെടുത്തുന്നതും

ശരിയല്ല. ജുഡീഷ്യൽ അധികാരങ്ങൾ ഈ കമ്മിഷന് കൊടുക്കണമായിരുന്നു. ഗവൺമെന്റിന്റെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി മാത്രം കൊണ്ടുവന്ന ഒരു ഭേദഗതി ബില്ലാണിത്.

<u>ശ്രീ.കളത്തിൽ അബ്ദുള്ള:</u> സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2002–ലെ കേരള വനിതാ കമ്മിഷൻ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണം എന്ന ഭേദഗതി അവതരിപ്പിക്കുന്നു. സംസ്ഥാനത്ത് സാമ്പത്തിക അച്ചടക്കം നിലനിർത്തുന്നതിന്റെ ഭാഗമായി വിവിധ കമ്മിഷനുകളിലെ അംഗസംഖ്യ കുറയ്ക്കണമെന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് വനിതാ കമ്മിഷനിലെയും അംഗങ്ങളുടെ എണ്ണം കുറച്ചത്. എൽ.ഡി.എഫ്. ഗവൺമെന്റ് വരുത്തിവച്ച സാമ്പത്തിക ബാദ്ധ്യതകളുടെ ഉത്തരവാദിത്വം ഈ ഗവൺമെന്റിന് ഏറ്റെടുക്കേണ്ടിവന്നതുകൊണ്ടാണ് ചെലവുചുരുക്കൽ നടപടികൾ സ്വീകരിക്കേണ്ടിവന്നിരിക്കുന്നത്. രാഷ്ട്രീയ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടാണ് ഈ കമ്മിഷൻ പുന:സംഘടിപ്പിച്ചത് എന്നുള്ള പ്രതിപക്ഷ ആരോപണം അടിസ്ഥാനരഹിതമാണ്. ഈ കമ്മിഷന് ഉണ്ടായിരുന്ന അധികാരാവകാശങ്ങളൊന്നും കുറച്ചിട്ടില്ല. സ്ത്രീപീഡനങ്ങൾ വർദ്ധിച്ചുവരുന്ന ഈ കാലഘട്ടത്തിൽ വനിതാ കമ്മിഷന് ഭാരിച്ച ഉത്തരവാദിത്വമാണ് ഏറ്റെടുക്കേണ്ടിവന്നിട്ടുള്ളത്. വനിതാ കമ്മിഷൻ അംഗങ്ങളെക്കുറിച്ച് പ്രതിപക്ഷ ഭാഗത്തുനിന്ന് അടിസ്ഥാനരഹിതമായ ആരോപണങ്ങൾ ഉന്നയിക്കുന്നത് അവസാനിപ്പിക്കണം. കഴിഞ്ഞ ഗവൺമെന്റ് വനിതാ കമ്മിഷന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തിക്കൊണ്ടു പോകുന്നതിന് ആവശ്യമായ സൗകര്യങ്ങൾ ചെയ്തുകൊടുത്തില്ല. എൽ. ഡി. എഫ്–ന് ഈ ബില്ലിനെ എതിർക്കാൻ യാതൊരു അവകാശവുമില്ല. ഈ ബില്ലിനെ സ്വാഗതം ചെയ്യുന്നു.

<u>ശ്രീ. പി. ജയരാജൻ:</u> സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2002-ലെ കേരള വനിതാ കമ്മീഷൻ (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. സാമ്പത്തിക നടപടികളുടെയും വിവിധ കമ്മീഷനുകൾ പുന:സംഘടിപ്പിക്കുന്നതിന്റെയും ഭാഗമായിട്ടാണ് ഈ ഭേദഗതി നിയമം കൊണ്ടുവന്നിട്ടുള്ളതെന്നാണ് ബില്ലിന്റെ ഉദ്ദേശകാരണങ്ങളുടെ വിവരണങ്ങളിൽ പറയുന്നത്. സ്ത്രീകൾക്കെതിരെയുള്ള അക്രമ പ്രവർത്തനങ്ങൾ തടയാനും അവരുടെ സംരക്ഷണം ഉറപ്പ് വരുത്താനുംവേണ്ടി 1991-ൽ എൽ.ഡി.എഫ്. ഗവൺമെന്റ് കൊണ്ടുവന്ന വനിതാ കമ്മീഷൻ നിയമത്തിന്റെ എല്ലാ നേട്ടങ്ങളേയും തകർക്കുന്ന രീതിയിലുള്ള ഒരു ഭേദഗതി നിയമമാണിത്. വനിതകളുടെ അവകാശങ്ങൾക്കുവേണ്ടി വാദമുഖങ്ങൾ ഉയർത്തുന്ന ഈ ഗവൺമെന്റ് ജുഡീഷ്യൽ പദവിയിലുള്ള ചെയർപേഴ്സൺ ഉൾപ്പെടെ നിലവിലുണ്ടായിരുന്ന 7 അംഗ വനിതാ കമ്മീഷനെ പിരിച്ചുവിട്ടിട്ട് അത് 3 അംഗ കമ്മീഷനാക്കി എന്നു മാത്രമല്ല, രാഷ്ട്രീയക്കാരെ മാത്രം ഉൾപ്പെടുത്തിക്കൊണ്ടാണ് പുതിയ വനിതാ കമ്മീഷൻ രൂപീകരിച്ചത്. ഈ ഓർഡിനൻസിനെതിരായിട്ടുള്ള കേസ്

ഹൈക്കോടതിയിൽ പരിഗണനയ്ക്ക് വരുന്നതിന്റെ തൊട്ടുമുമ്പുതന്നെ നിലവിലുണ്ടായിരുന്ന കമ്മീഷനെ പിരിച്ചുവിട്ടിട്ടാണ് പുതിയ കമ്മീഷനെ നിയമിച്ചത്. കമ്മീഷന് ലഭിക്കുന്ന പരാതികളുടെ എണ്ണം വർദ്ധിച്ചുവരുന്നതിനാൽ അവ പരിശോധിക്കാനും തീരുമാനമെടുക്കാനും പഴയ കമ്മീഷൻ ജില്ലകൾ തോറും അഡ്ഹോക് കമ്മിറ്റികൾ രൂപീകരിച്ചിരുന്നു. സ്ത്രീകൾക്കെതിരെയുള്ള അക്രമങ്ങളും പീഡനങ്ങളും വർദ്ധിച്ചുവരുന്ന ഈ കാലഘട്ടത്തിൽ കമ്മീഷനിലെ അംഗസംഖ്യ കൂട്ടുകയാണ് യഥാർത്ഥത്തിൽ ചെയ്യേണ്ടിയിരുന്നത്. സദുദ്ദേശത്തോടുകൂടിയല്ല ഗവൺമെന്റ് ഈ ബിൽ കൊണ്ടുവന്നിട്ടുള്ളത്. അക്രമങ്ങൾ ഏറ്റവും കൂടുതൽ നടക്കുന്നത് എസ്. എസി./എസ്. ടി. വിഭാഗത്തിൽപ്പെട്ട സ്ത്രീകൾക്കെതിരെയാണ്. എസ്. എസി./എസ്. ടി. വിഭാഗത്തിൽപ്പെട്ട ഒരംഗത്തെ ഈ കമ്മീഷനിൽ ഉൾപ്പെടുത്തിയിട്ടില്ല. കമ്മീഷന്റെ മുൻപാകെ വരുന്ന സ്ത്രീകളുടെ മൊഴി തെളിവായി പരിഗണിച്ച് നടപടിയെടുക്കാൻ അധികാരം ഉള്ള സാഹചര്യത്തിൽ ഭരണകക്ഷിയിൽപ്പെട്ട മന്ത്രിമാർക്കും എം. എൽ. എ. മാർക്കും എതിരെ ഉന്നയിക്കപ്പെട്ടിട്ടുള്ള ആക്ഷേപങ്ങളിൽ നിന്ന് രക്ഷപെടാനാണ് ഗവണ്മെന്റ് ഈ ഭേദഗതി ബിൽ കൊണ്ടുവന്നിട്ടുള്ളത്.

റവന്യൂവും നിയമവും വകുപ്പുമന്ത്രി <u>(ശ്രീ.കെ.എം.മാണി):</u> ബില്ലിന്റെ ചർച്ചയിൽ ഉരുത്തിരിഞ്ഞ നല്ല ആശയങ്ങൾ ഉൾക്കൊള്ളാൻ തയ്യാറാണ്. സ്വന്തം പാർട്ടിയിൽപ്പെട്ടവരെ മെമ്പർമാരാക്കി വനിതാ കമ്മീഷൻ പുന:സംഘടിപ്പിച്ച പ്രതിപക്ഷം ഐക്യജനാധിപത്യമുന്നണി ഗവൺമെന്റ് അതിനെ രാഷ്ട്രീയവത്ക്കരിക്കുന്നുവെന്ന് ആരോപിക്കുന്നത് അപഹാസ്യമാണ്. 1996-ൽ കമ്മിഷൻ നിലവിൽ വന്ന് വർഷങ്ങൾ കഴിഞ്ഞിട്ടും നിലവിലുള്ള നിയമത്തിന് റൂൾ ഉണ്ടാക്കാതെ കമ്മിഷനെ പ്രവർത്തിക്കാൻ

അനുവദിക്കാത്തവർ അതിനെ സ്റ്റെബിലൈസ് ചെയ്തുവെന്ന് അവകാശപ്പെടുന്നത് ശരിയല്ല. "During the pleasure of the government" എന്ന് പറഞ്ഞ് നിരവധി സ്റ്റാറ്റ്യൂട്ടറി ബോഡികളെ കഴിഞ്ഞ സർക്കാർ പിരിച്ചുവിടുകയുണ്ടായി. ചെലവ് ചുരുക്കലിന്റെ പേരിൽ സാമൂഹ്യ പ്രാധാന്യമുള്ള പിന്നോക്ക വിഭാഗ കമ്മിഷൻ ഉൾപ്പെടെ നിരവധി കമ്മിഷനുകളെ പിരിച്ചുവിടാൻ കഴിഞ്ഞ സർക്കാർ തയ്യാറായി. എൽ.ഡി.എഫ്. ഗവൺമെന്റിന് കമ്മിഷനെ പിരിച്ചുവിടാം, എന്നാൽ ഈ ഗവൺമെന്റിന് കമ്മിഷനിലെ അംഗസംഖ്യ കുറയ്ക്കാൻ പാടില്ലെന്ന വാദം യുക്തിരഹിതമാണ്. എസ്.സി./എസ്.ടി. പ്രാതിനിധ്യം എടുത്തു കളയുന്നുവെന്നുള്ള വാദം ശരിയല്ല. ഇപ്പോൾ റിസർവേഷൻ ഇല്ലായെന്നു മാത്രമേയുള്ളൂ. ഭാവിയിൽ എസ്.സി./എസ്.ടി. പ്രാതിനിധ്യം വന്നുകൂടായ്കയില്ല. സെക്രട്ടറിയായി ഐ.എ.എസ്. ഉദ്യോഗസ്ഥനേയും ഡയറക്ടറായി ഐ.പി.എസ്. ഉദ്യോഗസ്ഥനേയും നിയമിച്ചുകൊണ്ട് കമ്മിഷനെ ശക്തിപ്പെടുത്തുകയാണ് ഗവൺമെന്റ് ചെയ്യുന്നത്. രാഷ്ട്രീയപരമല്ലാതെ നിയമപരമായി ഈ ബില്ലിനെ വ്യാഖ്യാനിക്കാൻ പ്രതിപക്ഷം തയ്യാറാകണം. എന്തെങ്കിലും മാറ്റം വേണമെങ്കിൽ വകുപ്പു തിരിച്ചുള്ള ചർച്ചയിൽ പരിശോധിക്കാവുന്നതാണ്. വിയോജനക്കുറിപ്പിനോട് ഗവൺമെന്റ് യോജിക്കുന്നില്ല. ഈ ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻപവലിക്കുകയോ ചെയ്തു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2002-ലെ കേരള വനിതാ കമ്മിഷൻ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>2-ാം വകുപ്പ്</u>

<u>ശ്രീ.ബിനോയ് വിശ്വം</u>: 104, 106 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

<u>ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ</u>: 108-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

<u>ശ്രീ.കോടിയേരി ബാലകൃഷ്ണൻ:</u> 109, 136, 140 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

<u>ശ്രീ . കെ.പി. മോഹനൻ</u> : 116-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

<u>ശ്രീ . എം.വി. ജയരാജൻ:</u> 123-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. വി. ചെന്താമരാക്ഷൻ: 124, 126, 138 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു .

ശ്രീ. സി.കെ. നാണു : 125–ം നംപർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി : 127 – ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. പി. ജയരാജൻ : 129 –ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ഡോ. തോമസ് ഐസക്: 132, 137, 139 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു. .

ശ്രീമതി ശോഭനാ ജോർജ്ജ് : 133 –ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

പ്രൊഫ: സാവിത്രി ലക്ഷ്മണൻ: 133 – ാം നമ്പർ ഭേദഗതി അംഗീകരിക്കുകയാണെങ്കിൽ `Woman ` എന്നതിനുപകരം ` Women ` എന്ന് ചേർക്കണം

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ . കെ. എം. മാണി): In clause 2 after (a) add the following proviso “provided that the members appointed to the Commission shall be women” എന്ന 133– ാം നമ്പർ ഭേദഗതി അംഗീകരിക്കാവുന്നതാണ് . മറ്റു ഭേദഗതികൾ സ്വീകാര്യമല്ല .

133–ാം നംപർ ഭേദഗതി സഭ അംഗീകരിച്ചു . മറ്റു ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ ചെയ്തു .

ഭേദഗതി ചെയ്തപ്രകാരമുള്ള 2–ാ വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു .

ഭേദഗതി ചെയ്തപ്രകാരമുള്ള 2–ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

3 – ാം വകുപ്പ്

ശ്രീ എം.വി ജയരാജൻ: 149, 166 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീമതി പി. കെ. ശ്രീമതിടീച്ചർ: 150–ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. പി. ജയരാജൻ: 151–ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ഡോ. തോമസ് ഐസക്: 154–ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. സി. മൊയിൻകുട്ടി: 155–ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: 161–ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. എ. കെ. ബാലൻ: 162 -ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ: 163, 170 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. വി.ചെന്താമരാക്ഷൻ: 167-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. ബിനോയ് വിശ്വം: 171-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി): കമ്മീഷൻ അംഗങ്ങളുടെ ഓണറേറിയം സംബന്ധിച്ച് റൂൾസിൽ വ്യക്തമാക്കിയാൽ മതി. കമ്മീഷൻ അംഗങ്ങൾ ഒരു ദിവസം തന്നെ എല്ലാ ജില്ലകളിലും പോകണമെന്നില്ല. അതിനാൽ ഇവിടെ അവതരിപ്പിച്ച ഭേദഗതികൾ സ്വീകാര്യമല്ല.

ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ ചെയ്തു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 4-ാം വകുപ്പ്

ശ്രീ.എ.കെ.ബാലൻ: 177-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ: 182-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ.കെ.എം. മാണി): ഭേദഗതികൾ സ്വീകാര്യമല്ല.

ഭേദഗതികൾ സഭ നിരാകരിച്ചു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 5-ാം വകുപ്പ്

ശ്രീ. മഞ്ഞളാംകുഴി അലി: 194-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. എം.വി.ജയരാജൻ: 197, 198 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ.എം.മാണി): മൂലനിയമത്തിലെ സെക്ഷൻ-9 റദ്ദുചെയ്യുന്നതിനുള്ള ഭേദഗതിയാണ്. 5-ാം വകുപ്പ് പിൻവലിക്കാവുന്നതും 9-ാം വകുപ്പ് അതേപടി നിലനിർത്താവുന്നതുമാണ്.

Mr.Speaker: The clause will be deleted. Proper wording will be finalised by me.

5-ാം വകുപ്പ് ഡിലീറ്റ് ചെയ്തു.

6-ാം വകുപ്പ്

ശ്രീ. എം.വി.ജയരാജൻ: 202-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ: 203-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. വി.ചെന്താമരാക്ഷൻ: 207-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ.എം.മാണി): ഭേദഗതികൾ സ്വീകാര്യമല്ല.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

7-ാം വകുപ്പ്

ശ്രീമതി ശോഭനാ ജോർജ്ജ്: 212--ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ: 216-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. എം.വി.ജയരാജൻ: 219-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ.എം.മാണി): ഭേദഗതികൾ സ്വീകാര്യമല്ല.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ ചെയ്തു.

7–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

7–ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 8–ാം വകുപ്പ്

ഡോ. തോമസ് ഐസക്: 227–ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: 228, 234, 235 എന്നീ നംപർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. പി. ജയരാജൻ: 229–ാം നംപർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. എ. കെ. ബാലൻ: 232, 236 എന്നീ നംപർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): ഭേദഗതികൾ സ്വീകാര്യമല്ല.

ഭേദഗതികൾ സഭ നിരാകരിച്ചു.

8–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

8–ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 9–ാം വകുപ്പ്

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: 237–ാം നംപർ ഭേദഗതി അവതരിപ്പിക്കുന്നു.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): ഭേദഗതി സ്വീകാര്യമല്ല.

ഭേദഗതി സഭ നിരാകരിച്ചു.

9–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

9–ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

1–ാം വകുപ്പും പീഠികയും പേരും

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: 86, 89, 90, 99 എന്നീ നംപർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. വി. ചെന്താമരാക്ഷൻ: 87,93 എന്നീ നംപർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: 88–ാം നംപർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. എ. കെ. ബാലൻ: 95–ാം നംപർ ഭേദഗതി അവതരിപ്പിക്കുന്നു.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) ഭേദഗതികൾ സ്വീകാര്യമല്ല.

ഭേദഗതികൾ സഭ നിരാകരിച്ചു.

1–ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1–ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ കെ.എം. മാണി): 2002–ലെ കേരള വനിതാ കമ്മിഷൻ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ എം.എം. ഹസ്സൻ): പ്രമേയത്തെ പിന്താങ്ങുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. വി.എസ്. അച്യുതാനന്ദൻ): പ്രധാനപ്പെട്ട ഈ ബിൽ ഏത് സാഹചര്യത്തിലാണ് കൊണ്ടുവന്നത് എന്നതിനെ സംബന്ധിച്ച് സഭയിൽ വളരെ വിശദമായി ചർച്ച ചെയ്യുകയുണ്ടായി. നമ്മുടെ സംസ്ഥാനത്ത് പ്രതിവർഷം സ്ത്രീധന മരണവും

ഭർത്തൃഗൃഹ പീഡനവും വൻതോതിൽ വർദ്ധിച്ചുവരികയാണ്. ഈ സാഹചര്യത്തിലാണ് സ്ത്രീകളുടെ വിഷമതകൾ കേട്ട് പരിഹാരമുണ്ടാക്കാൻവേണ്ടി 1991-ൽ വനിതാ കമ്മിഷൻ രൂപീകരിക്കപ്പെട്ടത്. 1995-ൽ കമ്മിഷൻ രൂപംകൊണ്ടപ്പോൾ ഹരിജൻ പ്രാതിനിധ്യം ഇല്ലാതെയായി. 2002-ൽ കൊണ്ടുവന്നിരിക്കുന്ന ഭേദഗതിപ്രകാരം കമ്മിഷനിൽ പ്രതിപക്ഷ പ്രാതിനിധ്യവും ഹരിജൻ-ഗിരിജൻ പ്രാതിനിധ്യവും ഒഴിവാക്കപ്പെട്ടു. ഏഴംഗങ്ങൾ ഉണ്ടായിരുന്ന ഈ കമ്മിഷനിൽ ഇപ്പോൾ അംഗസംഖ്യ മൂന്നായി കുറച്ചിരിക്കുകയാണ്. 5 കൊല്ലം ഭരിച്ച ഇടതുപക്ഷജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്ത് നിലവിലുണ്ടായിരുന്ന വനിതാ കമ്മിഷന് അതിന്റെ കാലാവധി തീരുംവരെ പ്രവർത്തിക്കാൻ അവസരം കൊടുക്കുകയാണുണ്ടായത്. അതുകൊണ്ട്
ഈ ബിൽ പാസ്സാക്കുന്നതിനു മുൻപ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെട്ട് ഇവിടെ ഉന്നയിക്കപ്പെട്ടിട്ടുള്ള പ്രശ്നങ്ങൾ ആക്ഷേപമില്ലാത്ത രീതിയിൽ പരിഹരിക്കാൻ ആവശ്യമായ നടപടി
സ്വീകരിക്കണം.

ശ്രീ. ബിനോയ് വശ്വം: ഈ ബിൽ ഇതേ രീതിയിൽ പാസ്സാക്കുകയാണെങ്കിൽ അതു കേരളത്തിലെ സ്ത്രീകളോട് കാണിക്കുന്ന അനീതിയായിരിക്കും. പല കാര്യങ്ങളിലും നിയമനിർമ്മാണംവഴി ഇൻഡ്യയ്ക്ക് മൊത്തം മാതൃക കാണിച്ച ഈ നിയമസഭ നിയമവിരുദ്ധവും ദളിത് വിരുദ്ധവും ഭരണഘടനാവിരുദ്ധവുമായ ഈ നിയമം ഇതേ രീതിയിൽ പാസ്സാക്കാൻ പാടില്ല. ഇതിൽനിന്ന് ഗവൺമെന്റ് പിൻമാറണം.

വന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ കെ.എം. മാണി): ഫാക്ട് ഫൈൻഡിങ് ബോഡിയായ നാഷണൽ വിമൻസ് കമ്മിഷനുപോലും ഈ വനിതാ കമ്മിഷന്റെ അത്രയും അധികാരങ്ങൾ ഇല്ല. സ്ത്രീ പീഡനമുണ്ടെങ്കിൽ അതു പരിശോധിച്ച് നടപടി സ്വീകരിക്കാനുള്ള ഇഫക്ടീവായിട്ടുള്ള ഒരു ബോഡിയാണിത്. അതുകൊണ്ട് ഈ കമ്മിഷന്റെ പ്രവർത്തനത്തിൽ സഹകരിക്കുകയും അതിന്റെ പ്രവർത്തനങ്ങളെ ശക്തമാക്കുകയും സ്ത്രീകൾക്ക് ആവശ്യമായ പരിരക്ഷ ഉറപ്പാക്കുകയും ചെയ്യാൻ നമുക്ക് ഒരുമിച്ച് നിൽക്കാം. ഈ ബിൽ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2002-ലെ കേരള വനിത കമ്മിഷൻ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം 25-നെതിരെ 64 വോട്ടുകളോടെ സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

(2) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2002-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധി (ഭേദഗതി) ബിൽ

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ കെ. ശങ്കരനാരായണൻ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടു ചെയ്ത പ്രകാരമുള്ള 2002-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

സഹകരണ വകുപ്പുമന്ത്രി (ശ്രീ എം.വി. രാഘവൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ ബിനോയ് വശ്വം: അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനുവേണ്ടി എന്നു പറയുന്ന ഈ ബിൽ കേരളത്തിന്റെ അടിസ്ഥാന വികസനപ്രവർത്തനങ്ങളെ വിസ്മരിക്കുന്ന ഒരു ബില്ലായതുകൊണ്ടാണ് ഞാനും ശ്രീ ടി.കെ. ബാലനും സബ്ജക്ട് കമ്മിറ്റിയിൽ വിയോജിപ്പ് രേഖപ്പെടുത്തിയത്. ഞങ്ങൾ കേരളത്തിന്റെ വികസനത്തിനോ പുരോഗതിക്കോ എതിരല്ല. വികസനപ്രവർത്തനങ്ങളിൽ ജനവിരുദ്ധ നയങ്ങളാണ് സ്വീകരിക്കുന്നത്. അതുകൊണ്ട് ഈ നിയമത്തോട് യോജിക്കുന്നില്ല.

(ചർച്ച തുടരും)

(ഉച്ചയ്ക്കുശേഷം 3.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ 1.30-ന് പിരിഞ്ഞു.)

. . . . . . . . . . . . . .

## അപരാഹ്ന സമ്മേളനം

**(സഭ ഉച്ചയ്ക്കുശേഷം 3.30-ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ വീണ്ടും യോഗം ചേർന്നു.)**

ശ്രീ. ബിനോയ് വിശ്വം (തുടർച്ച)

ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പ്മെന്റിനു വേണ്ടിയുള്ള അംഗീകൃത മൂലധനം 500 കോടി രൂപയിൽ നിന്നും 1000 കോടി രൂപയായും സർക്കാർ ജാമ്യത്തുകയുടെ പരിധി 1000 കോടി രൂപയിൽ നിന്നും 2000 കോടി രൂപയായും വർദ്ധിപ്പിക്കാനാണ് ഈ ഭേദഗതി കൊണ്ടുവന്നിരിക്കുന്നത്. കേരളത്തിന്റെ പുരോഗതിക്കുവേണ്ടിയുള്ള ഇൻവെസ്റ്റ്മെന്റിന് ഞങ്ങൾ എതിരല്ല. എൽ.ഡി.എഫ്. ഗവൺമെന്റ് അതിനുവേണ്ടി ശ്രമിച്ചിട്ടുമുണ്ട്. പൊതുമേഖലയുടെ ശക്തമായ പിന്തുണയില്ലാതെ സ്വകാര്യമേഖല പുഷ്ടിപ്പെട്ടിട്ടില്ല. റോഡുകളും പാലങ്ങളും വേണമെന്നുള്ളത് ശരിതന്നെ. ഇന്ന് കേരളത്തിലെ കൃഷിയും പരമ്പരാഗതവ്യവസായങ്ങളും തകർന്നുകൊണ്ടിരിക്കുകയാണ്. പല വ്യവസായ സ്ഥാപനങ്ങളും പൂട്ടിക്കൊണ്ടിരിക്കുന്നു. സർക്കാർ ജാമ്യത്തുകയുടെ പരിധി 1000 കോടി രൂപയിൽനിന്നും 2000 കോടി രൂപയാക്കുന്നതുകൊണ്ട് ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പ്മെന്റിന് ഒരു നേട്ടവുമില്ല. കേരളത്തിന്റെ വികസനത്തിന് യാതൊരു പുരോഗതിയുമുണ്ടാകാത്ത ഇൻഡസ്ട്രിയൽ പോളിസിയും ലേബർ പോളിസിയും ഐ.ടി. പോളിസിയും ജനവിരുദ്ധമാണ്. അത്തരം നിർദ്ദേശങ്ങൾ അടങ്ങിയതുകൊണ്ടാണ് സബ്ജക്ട് കമ്മിറ്റിയിൽ ഡിസന്റ് രേഖപ്പെടുത്തേണ്ടിവന്നത്.

ശ്രീ.ടി.കെ. ബാലൻ: ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റ് ഇത്തരത്തിലുള്ള ഒരു ആക്ട് ഉണ്ടാക്കി സമാഹരിച്ച 1000 കോടി രൂപ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പ്മെന്റിനു വേണ്ടി ചെലവാക്കാതെ മറ്റെന്തിനോവേണ്ടി ചെലവഴിച്ചുവെന്നുള്ള വലിയ തോതിലുള്ള ആരോപണം ഇവിടെവന്നു. സംസ്ഥാനത്തിന്റെ താല്പര്യം കണക്കിലെടുത്തുകൊണ്ട് ധനകാര്യകമ്മീഷൻ അവാർഡ് ഗ്രാന്റായിട്ടും ലോണായിട്ടും കിട്ടുന്ന റേഷ്യോ വ്യത്യാസപ്പെടുത്തുന്ന കാര്യത്തിൽ ഇതേവരേ ഒരു ചെറുവിരൽ അനക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. സെൻട്രൽ-സ്റ്റേറ്റ് റിലേഷനെ സംബന്ധിച്ച് ഫെഡറലിസത്തെ തകർക്കുന്ന സ്ഥിതി കേന്ദ്രം കൊണ്ടുവന്നപ്പോൾ ചെറുവിരൽ അനക്കാൻ കഴിയാത്ത ആളുകൾ ഇൻഫ്രാസ്ട്രക്ച്ചറിനുവേണ്ടി കാശ് വേണമെന്നുപറഞ്ഞ് ഈ ബിൽ കൊണ്ടുവരുന്നതിൽ യാതൊരർത്ഥവുമില്ല.

ശ്രീ.കെ.വി. കുഞ്ഞിരാമൻ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2002-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. സർക്കാർ ജാമ്യം 1000 കോടി രൂപ എന്നുള്ളത് 2000 കോടി രൂപയാക്കി വർദ്ധിപ്പിക്കുക എന്നൊരു പ്രക്രിയ മാത്രമാണ് ഇവിടെ നടക്കുന്നത്. അടിസ്ഥാനസൗകര്യങ്ങൾ എന്നു പറയുമ്പോൾ സ്വാഭാവികമായും റോഡ്, വിദ്യാഭ്യാസം, ആരോഗ്യം, കുടിവെള്ളം ഇതെല്ലാം ഇതിന്റെ ഭാഗമായി വരേണ്ടതാണ്. ഈ മേഖലയിലൊക്കെ കാശ് എങ്ങനെയാണ് ചെലവഴിക്കാൻ പോകുന്നത് എന്നതിനെ സംബന്ധിച്ചും എങ്ങനെയാണ് സാധാരണക്കാർക്ക് സൗകര്യങ്ങൾ ലഭ്യമാക്കാൻ

പോകുന്നത് എന്നതിനെ സംബന്ധിച്ചും ഒരു വ്യക്തമായ കാഴ്ചപ്പാട് ഈ ഗവൺമെന്റിനില്ല, മാത്രവുമല്ല ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്ന ഒട്ടേറെ ആനുകൂല്യങ്ങൾ കവർന്നെടുക്കുന്ന തിനുള്ള ശ്രമം നടത്തുകയുമാണ്. ബി.ഒ.ടി. സിസ്റ്റം സാർവ്വത്രികമാക്കിക്കൊണ്ട് റോഡുകളും പാലങ്ങളും പണിയുന്നതിന് സ്വകാര്യ ഏജൻസികളുടെ പങ്കാളിത്തമുണ്ടാക്കുന്നത് വലിയ പ്രയാസം സൃഷ്ടിക്കും. 1000 കോടി രൂപ 2000 കോടി രൂപയാക്കി ഉയർത്തുന്നത് അടിസ്ഥാന സൗകര്യങ്ങളുടെ വിപുലീകരണത്തിനു വേണ്ടിയാണെന്നാണ് സർക്കാരിന്റെ അഭിപ്രായം. എന്നാൽ ജനങ്ങളെ സഹായിക്കുന്ന ഉത്തരവാദിത്വത്തിൽനിന്നും ബോധപൂർവ്വം ഈ ഗവൺ മെന്റ് പുറകോട്ടുപോകുന്നു.

<u>ശ്രീമതി മേഴ്സി രവി</u> : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2002–ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് 1999–ൽ കൊണ്ടുവന്ന ആക്ടിന് പകരമുള്ള ഈ ബില്ലിൽ, അടിസ്ഥാന സൗകര്യ വികസനത്തിനായി 8–ാം വകുപ്പുപ്രകാരമുള്ള ജാമ്യത്തുകയുടെ പരിധി രണ്ടായിരം കോടി രൂപയായി ഉയർത്തുന്നു എന്നല്ലാതെ കാതലായ മാറ്റങ്ങളൊന്നും ഇല്ല. റോഡ്, വൈദ്യുതി, ശുദ്ധജല വിതരണം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് കുറഞ്ഞ നിരക്കിൽ അവ ലഭ്യമാക്കിയാലേ വ്യവസായം, ടൂറിസം തുടങ്ങിയ മേഖലകളിലെല്ലാം വികസനം സാദ്ധ്യമാകുകയുള്ളു. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ നയവൈകല്യങ്ങളുടെ ഫലമായി അടിസ്ഥാന സൗകര്യ വികസനത്തിന്റെ കാര്യത്തിലും, ഐ. ടി., ബി. ടി., ജനറ്റിക് മേഖലയിലുമൊക്കെ സംസ്ഥാനം വളരെ പുറകിലായതിന്റെ ദുരന്തഫലം കേരളം ഇന്ന് അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. അതിനാൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള ഈ ബിൽ പാസ്സാക്കേണ്ടത് സംസ്ഥാനത്തിന്റെ സമഗ്ര വികസനത്തിന് അത്യന്താപേക്ഷിതമാണ്.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി <u>(ശ്രീ. കെ. ശങ്കരനാരായണൻ)</u> : മുൻ ഗവൺമെന്റ് 1999–ൽ കൊണ്ടുവന്ന ആക്ടിന് പകരമുള്ള ഈ ബില്ലിനെ പ്രതിപക്ഷം എതിർക്കുന്നത് എന്തിനാണെന്ന് മനസ്സിലാകുന്നില്ല. ആ ആക്ടിലെ 8–ാം വകുപ്പു പ്രകാരമുള്ള ജാമ്യത്തുകയുടെ പരിധി ആയിരം കോടി രൂപയിൽ നിന്നും രണ്ടായിരം കോടി രൂപയായി വർദ്ധിപ്പിക്കുന്നതിനുള്ള ഈ ബിൽ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2002–ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

2–ാം വകുപ്പ്

ശ്രീ. വി. ചെന്താമരാക്ഷൻ : 92, 93 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : 94, 112 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ധനകാര്യവും എക്സൈസ്സും വകുപ്പു മന്ത്രി (ശ്രീ.കെ.ശങ്കരനാരായണൻ): ഭേദഗതികൾ സ്വീകാര്യമല്ല.

ഭേദഗതികൾ സഭ നിരാകരിച്ചു.

2–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2–ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

3–ാം വകുപ്പ്

3–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

3–ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

1–ാം വകുപ്പും പീഠികയും പേരും.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: 83, 86 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. വി. ചെന്താമരാക്ഷൻ: 84, 85, 90 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. എ.കെ. ബാലൻ: 89–ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ധനകാര്യവും എക്സൈസ്സും വകുപ്പു മന്ത്രി (ശ്രീ.കെ.ശങ്കരനാരായണൻ): ഭേദഗതികൾ സ്വീകാര്യമല്ല.

ഭേദഗതികൾ സഭ നിരാകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യവും എക്സൈസ്സും വകുപ്പു മന്ത്രി (ശ്രീ.കെ.ശങ്കരനാരായണൻ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2002-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

സഹകരണ വകുപ്പുമന്ത്രി (ശ്രീ.എം.വി. രാഘവൻ): പ്രമേയത്തെ പിന്താങ്ങുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2002-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധി (ഭേദഗതി) ബിൽ സഭ അംഗീകരിക്കുകയും ബിൽ ഏകകണ്ഠമായി പാസ്സാക്കുകയും ചെയ്തു.

<u>സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള</u>
<u>2002-ലെ കേരള സഹകരണസംഘം (ഭേദഗതി) ബിൽ</u>

സഹകരണ വകുപ്പു മന്ത്രി (ശ്രീ. എം.വി. രാഘവൻ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2002-ലെ കേരള സഹകരണ സംഘം (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനകാര്യവും എക്സൈസ്സും വകുപ്പു മന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): പ്രമേയത്തെ പിന്താങ്ങുന്നു.

<u>ശ്രീ. എ. കെ. ബാലൻ: സഹകരണ പ്രസ്ഥാനത്തിന്റെ മരണമണിയാണ് ഇവിടെ മുഴങ്ങിക്കേൾക്കുന്നത്. കേരള കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2002 ഭരണഘടനാ വിരുദ്ധമാണ്, സ്വാഭാവിക നീതിക്ക് നിരക്കുന്നതല്ല എന്നു പറഞ്ഞുകൊണ്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ മുമ്പിൽ ഈ ഓർഡിനൻസിനെതിരായി ഒരു ഒ.പി. ഫയൽ ചെയ്തു കഴിഞ്ഞിരിക്കുന്നു. നാളെ അതിന്റെ ഹിയറിംഗ് ആണ്. . ഈ കേസ് ദൂരവ്യാപകമായ പ്രത്യാഘാതങ്ങളുണ്ടാക്കാൻ പോവുകയാണ്. എല്ലാ നിയമ വ്യവസ്ഥകളെയും പുച്ഛിച്ച് തള്ളിക്കൊണ്ട് വളഞ്ഞ വഴിയിൽക്കൂടി സഹകരണ സ്ഥാപനങ്ങളെ സ്വന്തം താല്പര്യത്തിനു വേണ്ടി ഉപയോഗിക്കുന്നതിനാണ് ഈ ഓർഡിനൻസ് പുറപ്പെടുവിച്ചത്. ഈ ഓർഡിനൻസ് വരുന്നതിനു മുൻപേ ഏഴ് ജില്ലാ സഹകരണ ബാങ്കുകളുടെ ഭരണ സമിതികളെ മന്ത്രി ഇടപെട്ടു പിരിച്ചുവിട്ടു. അതിനെതിരായി ഹൈക്കോടതിയുടെ മുമ്പിൽ കേസ് വരുകയും പിരിച്ചുവിട്ട നടപടി തെറ്റാണെന്നും നിലവിലുള്ള ഭരണ സമിതിക്ക് ഭരണം കൈമാറണമെന്നും ബഹുമാനപ്പെട്ട കോടതി</u>

നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. മൂന്നു മാസം കഴിഞ്ഞ് നടക്കാനിരിക്കുന്ന ജില്ലാ സഹകരണ ബാങ്കുകളിലേയ്ക്കുള്ള തെരഞ്ഞെടുപ്പിൽ ജനാധിപത്യ മര്യാദ പാലിച്ചുകൊണ്ട് തെരഞ്ഞെടുപ്പ് നടന്നാൽ യു.ഡി.എഫ്– ന് അധികാരത്തിൽ വരാൻ കഴിയില്ലെന്നതുകൊണ്ടാണ് ഈ ഓർഡിനൻസ് പുറപ്പെടുവിച്ചത്. നിലവിലുള്ള ഏതു സാഹചര്യത്തെ മറികടക്കാനാണ് ഈ ഓർഡിനൻസ് പുറപ്പെടുവിച്ചതെന്ന് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കണം. അരവിന്ദാക്ഷൻ കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കുന്നതിനും തെരഞ്ഞെടുക്കപ്പെട്ട ഭരണ സമിതികളെ പിരിച്ചുവിടുന്നതിനുമാണ് ഓർഡിനൻസ് പുറപ്പെടുവിച്ചതെന്ന് പറയുന്നത് അപഹാസ്യമാണ്. സമഗ്രമായ ചർച്ചകൾക്കുശേഷമാണ് 1999–ലെ സഹകരണ ഭേദഗതി നിയമം കൊണ്ടുവന്നത്. ഭരണഘടനാ തത്വങ്ങളേയോ മൗലികാവകാശങ്ങളേയോ മതനിരപേക്ഷതയേയോ ഇല്ലാതാക്കുന്ന ഭേദഗതികൾ നിയമസഭയിൽ ഭൂരിപക്ഷം ഉള്ളതുകൊണ്ടുമാത്രം കൊണ്ടുവന്നു പാസ്സാക്കുന്നത് ജനാധിപത്യവിരുദ്ധമാണ്. പ്രൈമറി അഗ്രികൾച്ചറൽ ക്രെഡിറ്റ് സൊസൈറ്റികൾക്കും അർബൻ ബാങ്കുകൾക്കുമുള്ള വോട്ടവകാശത്തെ ഏവരും അംഗീകരിച്ചിട്ടുള്ളതാണ്. ബഹുമാനപ്പെട്ട മുൻ മെമ്പർമാർ ആരും കടലാസ് സംഘങ്ങളെ ആക്ടീവ് മെമ്പർമാരാക്കണമെന്ന് പറഞ്ഞിട്ടില്ല. ഇപ്പോൾ അവരെയെല്ലാം കൊണ്ടുവന്നു ക്രെഡിറ്റ് മേഖലയെ തകർക്കാനുള്ള ശ്രമമാണ് രൂപപ്പെടുത്തുന്നത്. നിരവധി അൺ ലൈസൻസ്ഡ് അർബൻ ബാങ്കുകൾ രൂപം കൊള്ളുന്നു. കേരളാ ഗവൺമെന്റിന്റെ ആശീർവാദത്തോടുകൂടി നടക്കുന്ന അൺ ആതറൈസ്ഡ് അർബൻ ബാങ്കുകളിലേക്ക് ജനങ്ങൾ വശീകരിക്കപ്പെടാൻ പാടില്ല. ഹൈക്കോടതിയുടെ ശ്രദ്ധയിൽ ഈ കാര്യം വരുകയും ഈ ബാങ്കുകൾക്ക് ലൈസൻസ് കൊടുക്കാൻ അനുവദിക്കില്ലെന്ന് അഡ്വക്കേറ്റ് ജനറലിന് കോടതിയിൽ പറയേണ്ടി വരുകയും ചെയ്തിട്ടുണ്ട്. ഇത് നിയമമാക്കുന്നതിന് ബഹുമാനപ്പെട്ട സ്പീക്കർ അനുവാദം നൽകരുത്. തെരഞ്ഞെടുക്കപ്പെട്ട സഹകരണസംഘം ഭരണസമിതികളെയും സർവ്വകലാശാലകളുടെ സെനററിനെയും സിൻഡിക്കേറ്റിനേയുമൊക്കെ പിരിച്ചുവിട്ടുകൊണ്ടിരിക്കുന്ന ഈ ഗവൺമെന്റിന്റെ നടപടി ജനാധിപത്യ വിരുദ്ധമാണ്. ഈ ഭേദഗതി ബിൽ പാസ്സാകുന്നതോടുകൂടി സംസ്ഥാന–ജില്ലാ സഹകരണ ബാങ്കുകളിലെ തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതികൾ ഇല്ലാതാകാൻ പോകുകയാണ്. സഹകരണ മേഖലയോടുള്ള ജനങ്ങളുടെ വിശ്വാസം നശിപ്പിക്കാനേ ഈ ബിൽ ഉപകരിക്കുകയുള്ളൂ. ജനാധിപത്യക്കശാപ്പിന് വഴിവയ്ക്കുന്ന, ഭരണഘടനാവിരുദ്ധമായ ഈ ബില്ലിനെ ശക്തിയായി എതിർക്കുന്നു.

ശ്രീ. പി. ജയരാജൻ: സഹകരണ തത്വങ്ങളെ ലംഘിച്ചുകൊണ്ട് ഇവിടെ അവതരിപ്പിച്ചിട്ടുള്ള ഈ ബിൽ പിൻവലിക്കണം. സഹകരണ ബാങ്കിംഗ് മേഖലയുടെ അസ്ഥിത്വത്തെ തകർക്കുന്ന ഒരു ബില്ലാണിത്. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റ് കേരളത്തിലെ സഹകാരികളുമായി വിശദമായ ചർച്ച നടത്തിയശേഷമാണ് 1969–ലെ സഹകരണ നിയമത്തിൽ ഭേദഗതി കൊണ്ടുവന്നത്. കേരളത്തിലെ സഹകാരികളുമായി ചർച്ച നടത്താതെയാണ് ഈ ഭേദഗതി ബിൽ കൊണ്ടുവന്നിട്ടുള്ളത്. അരവിന്ദാക്ഷമേനോൻ കമ്മിററിയുടെ ശുപാർശയെ അടിസ്ഥാന

മാക്കി കൊണ്ടുവന്നിട്ടുള്ള ഈ ബിൽ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നിയമസഭ അംഗീകരിച്ച സമഗ്രമായിട്ടുള്ള ഭേദഗതികളുടെ സ്പിരിററിനെ തകർക്കുന്നതിനു മാത്രമേ സഹായിക്കുകയുള്ളൂ. ജില്ലാ സഹകരണ ബാങ്കുകളുടെ ഘടനയെ തകർക്കുന്ന വിധത്തിൽ വായ്പേതര സംഘങ്ങൾക്ക് അംഗത്വം കൊടുക്കാനുള്ള ഗവൺമെന്റിന്റെ ശ്രമം ഉപേക്ഷിക്കണം. ജില്ലാ സഹകരണ ബാങ്കുകളിൽ കടലാസ് സംഘങ്ങൾക്ക് അംഗത്വം കൊടുക്കാനുള്ള ഈ ഗവൺമെന്റിന്റെ ശ്രമം ഉപേക്ഷിക്കണം. ജില്ലാ സഹകരണ ബാങ്കുകളിൽ കടലാസ് സംഘങ്ങൾക്ക് അഫിലിയേഷൻ നൽകുന്നത് സഹകരണ ബാങ്കിംഗ് സ്ഥാപനങ്ങളുടെ താല്പര്യങ്ങളെ ഹനിക്കുന്നതിന് ഇടവരുത്തും. 1991–96 കാലഘട്ടത്തിൽ ജില്ലാ സഹകരണ ബാങ്കുകളുടെ ഭരണസമിതികൾ പിടിച്ചെടുക്കുന്നതിന് കടലാസ് സംഘങ്ങൾ രൂപീകരിച്ച് മെമ്പർഷിപ്പ് കൊടുക്കുന്ന ഹീനമായ നടപടികളാണ് അന്നത്തെ യു.ഡി.എഫ്. സർക്കാർ സ്വീകരിച്ചത്. ഈ ബില്ലിലൂടെ സഹകരണ ബാങ്കിംഗ് മേഖലയുമായി യാതൊരു ബന്ധവുമില്ലാത്ത ആ കടലാസ് സംഘ ങ്ങൾക്ക് മെമ്പർഷിപ്പ് പുന:സ്ഥാപിച്ച് ജില്ലാ സഹകരണ ബാങ്കുകളുടെ ഭരണസമിതികൾ പിടിച്ചെടുക്കാനുള്ള നീക്കമാണ് ഈ ഗവൺമെന്റ് നടത്തുന്നത്. സഹകരണസംഘം ജനറൽ ബോഡിയിൽ പങ്കെടുക്കാത്ത സജീവാംഗങ്ങളല്ലാത്ത ആളുകളെ സഹായിക്കുന്നതിനു വേണ്ടിയുള്ളതാണ് ഈ ബിൽ. ചാരിററബിൾ സൊസൈററീസ് ആക്ടനുസരിച്ച് രജിസ്ററർ ചെയ്ത പരിയാരം മെഡിക്കൽ കോളേജ് സഹകരണ മേഖലയിലാണെന്നുള്ള ഗവൺമെന്റിന്റെ വാദം അടിസ്ഥാനരഹിതമാണ്. ഉത്തർപ്രദേശ് ഗവൺമെന്റ് കൊണ്ടുവന്ന ഭേദഗതി പ്രകാരം ചാരിററബിൾ സൊസൈററീസ് ആക്ടനുസരിച്ച് രജിസ്ററർ ചെയ്ത ഒരു സ്ഥാപനത്തിന്

''കോ-ഓപ്പറേറ്റീവ്'' എന്നുള്ള നാമവിശേഷണം കൊടുക്കാൻ പാടില്ല. സഹകരണ പ്രസ്ഥാനത്തിന്റെ നട്ടെല്ല് തകർക്കുന്ന വ്യവസ്ഥകളാണ് ഈ ഭേദഗതി നിയമത്തിലൂടെ കൊണ്ടുവന്നിരിക്കുന്നത്. നിലവിലുള്ള നിയമം അനുസരിച്ച് അവിശ്വാസപ്രമേയം കൊണ്ടുവരാൻ വ്യവസ്ഥയില്ലെന്ന് പറയുന്നത് ശരിയല്ല. ഓരോ സഹകരണ സംഘത്തിന്റെയും ബൈലായിൽ അതിനുള്ള വ്യവസ്ഥയുണ്ട്. ഇൻഡ്യയിൽ മുഴുവൻ നിലവിലുള്ള സഹകരണ നിയമപ്രകാരം ഭരണസമിതികൾക്കെതിരായിട്ട് അവിശ്വാസ പ്രമേയം കൊണ്ടുവരാനുള്ള അധികാരം ജനറൽ ബോഡിക്ക് ഉണ്ടായിരുന്നത് ഈ ഭേദഗതിയിലൂടെ ബോർഡിലേയ്ക്ക് മാറ്റിയിരിക്കുകയാണ്. സഹകരണ പ്രസ്ഥാന രംഗത്ത് അനാരോഗ്യകരമായ പ്രവണത യുണ്ടാക്കുന്നതിനിടയാക്കുന്ന ഈ ബിൽ പിൻവലിക്കണം.

<u>ശ്രീ. സാജു പോൾ</u>: ഈ ഓർഡിനൻസ് പ്രഖ്യാപിച്ചതിനുശേഷം ആദ്യം പിരിച്ചുവിട്ടത് എറണാകുളം ജില്ലയിലെ സഹകരണ സംഘത്തിന്റെ ഭരണ സമിതിയെയാണ്. സഹകരണ മേഖലയിൽ നല്ലനിലയിൽ പ്രവർത്തിക്കുകയും പല നല്ല കാര്യങ്ങൾക്കും തുടക്കം കുറിക്കുകയും ചെയ്തിട്ടുള്ള സംഘങ്ങളിലെ ഭരണ സമിതികളെയാണ് പിരിച്ചുവിടുന്നത്. 2000-ലെ സഹകരണ ഭേദഗതി നിയമത്തിൽ അംഗങ്ങളെ സംബന്ധിച്ച് വ്യക്തമായി പറഞ്ഞിട്ടുണ്ട്. യു.ഡി.എഫ്. പോലും ഈ ഭേദഗതി നിയമം അംഗീകരിക്കാൻ നിർബന്ധിതരായി. സഹകരണ മേഖലയെ ശക്തിപ്പെടുത്താൻവേണ്ടി നിരവധി സഹകാരികൾ പതിറ്റാണ്ടുകൾകൊണ്ട് പടുത്തുയർത്തിയ നേട്ടങ്ങളെ കശാപ്പ് ചെയ്യുന്ന സമീപനമാണ് ഈ

ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടായിരിക്കുന്നത്. സഹകരണ സംഘത്തിന്റെ അടിസ്ഥാന തത്വങ്ങളെ തകർക്കുന്ന പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകാതെ ഈ ബില്ലിന്റെ ജനാധിപത്യ വിരുദ്ധ സ്വഭാവം ഉൾക്കൊണ്ടുകൊണ്ട് ഇനിയെങ്കിലും ഗവൺമെന്റ് ഇതിൽ നിന്ന് പിന്നോട്ടുപോകണം.

ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2002-ലെ കേരള സഹകരണ സംഘം (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഇൻഡ്യയിലെ മറ്റൊരു സംസ്ഥാനത്തും ഇല്ലാത്ത രീതിയിൽ കേരളത്തിലെ എല്ലാ ജനവിഭാഗങ്ങളിലും സഹകരണ പ്രസ്ഥാനം സ്വാധീനം ചെലുത്തിയിട്ടുണ്ട്. അതിനെ തകർക്കുന്ന സമീപനമാണ് ഈ ഭേദഗതിയിലൂടെ സ്വീകരിച്ചിട്ടുള്ളത്. ഈ നിയമ ഭേദഗതികൊണ്ട് ഗവൺമെന്റ് എന്താണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കേണ്ടതുണ്ട്. കേരളത്തിലെ മൂന്നുകോടി ജനങ്ങൾക്ക് ഉപകാരപ്രദമായ സഹകരണ പ്രസ്ഥാനത്തെ അട്ടിമറിച്ച് അധികാരം കവർന്നെടുക്കുകയാണ് ഈ ബില്ലുകൊണ്ട് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. സഹകരണ രംഗത്ത് ഹോസ്പിറ്റൽ മേഖലയിലുൾപ്പെടെ നേട്ടങ്ങൾ കൈവരിച്ച സംസ്ഥാനമാണ് കേരളം. എന്നാൽ അതിനെ തകർക്കുന്ന സമീപനമാണ് യു.ഡി.എഫ്. ഗവൺമെന്റ് സ്വീകരിക്കുന്നത്. സംസ്ഥാനത്തെ ലക്ഷക്കണക്കായ തൊഴിലാളികളുടെ ജീവൽപ്രശ്നങ്ങൾ കൈകാര്യം ചെയ്യേണ്ട വിവിധ മേഖലകളിലെ ക്ഷേമബോർഡുകൾ, കമ്മീഷനുകൾ, പ്രസ്ഥാനങ്ങൾ എന്നിവ നിയമ ഭേദഗതിയിലൂടെ പിരിച്ചുവിടുന്ന ജനാധിപത്യവിരുദ്ധ നടപടി ഗവൺമെന്റ് അവസാനിപ്പിക്കണം. സഹകരണമേഖലയിൽ പ്രാദേശിക തലത്തിലുള്ള സർവ്വീസ് സഹകരണ ബാങ്കുകളെ പിരിച്ചുവിടുക എന്നത് വോട്ട് ചെയ്ത് അധികാരത്തിലേറ്റിയ ജനങ്ങളോടുള്ള യുദ്ധപ്രഖ്യാപനമാണ്. കടലാസ് സംഘങ്ങൾക്ക് വോട്ടവകാശം നൽകി സംസ്ഥാന-ജില്ലാ സഹകരണ ബാങ്കുകളുടെ ഭരണസമിതി പിടിച്ചെടുക്കുന്ന സമീപനം തെരഞ്ഞെടുക്കപ്പെട്ട ഒരു ഗവൺമെന്റിനും ഭൂഷണമല്ല. അഡ്മിനിസ്ട്രേറ്ററെ നിയമിച്ചിട്ടും അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി രൂപീകരിക്കുന്നതിന്റെ ലക്ഷ്യം ഗവൺമെന്റ് വ്യക്തമാക്കണം.

ശ്രീ. ജോണി നെല്ലൂർ : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2002-ലെ കേരള സഹകരണ സംഘം (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണ നയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കാലാകാലങ്ങളിൽ വരുന്ന സർക്കാരു കൾ നിയമ ഭേദഗതിയിലൂടെ സഹകരണമേഖലയിൽ മാറ്റങ്ങൾ വരുത്തുന്നത് ആ മേഖലയെ തകർക്കുമെന്നതിൽ സംശയമില്ല. കേരളത്തിലെ സഹകരണമേഖലയെ രാഷ്ട്രീയത്തിൽനിന്ന് മോചിപ്പിച്ച് ജനങ്ങൾക്ക് പ്രയോജനകരമായി മാറ്റാൻ കഴിയണം. എൽ.ഡി.എഫ്. ഗവൺമെന്റ് ചെയ്ത കൊള്ളരുതായ്മകളും വ്യവസ്ഥാപിതമല്ലാത്ത മാർഗ്ഗങ്ങളും ഇല്ലാതാക്കുകയാണ് ഈ ബില്ലിന്റെ ഉദ്ദേശം. ആന്ധ്രാപ്രദേശിലെ സഹകരണ നിയമത്തിന്റെ മാതൃകയിൽ കുറ്റമറ്റ ഒരു സമഗ്ര നിയമം കേരളത്തിൽ കൊണ്ടുവരണം. സഹകരണ ബാങ്കുകളിൽ അംഗങ്ങൾക്കും ജില്ലാ ബാങ്കുകളിൽ സഹകരണ സംഘങ്ങൾക്കും

പൂർണ്ണമായും വോട്ടവകാശം നൽകാൻ തയ്യാറായ ഗവൺമെന്റിന്റെ നടപടി സ്വാഗതർഹമാണ്. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റ് രാഷ്ട്രീയക്കാഴ്ചപ്പാടോടുകൂടി കൊണ്ടുവന്ന നടപടികൾ ഈ ഭേദഗതി ബില്ലിലൂടെ അവസാനി പ്പിക്കുകയാണ് ഗവൺമെന്റ് ചെയ്യുന്നത്. ഗവൺമെന്റിന്റെ സ്വാധീനം ഉപയോഗിച്ച് സഹകരണ സംഘങ്ങളെ രാഷ്ട്രീയവൽക്കരിക്കാനുള്ള ശ്രമം നടത്തിയത് ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരാണ്. സഹകരണ സംഘങ്ങളുമായി ബന്ധപ്പെട്ട എല്ലാ അധികാരങ്ങളും ഭരണ സമിതിയിൽ നിക്ഷിപ്തമായിരിക്കുന്നതിനാൽ റിക്രൂട്ട്മെന്റ് ബോർഡിന്റെ ആവശ്യമുണ്ടോ എന്നാലോചിക്കണം. അതുപോലെ ഇലക്ഷൻ കമ്മീഷന്റെ ആവശ്യമില്ല. സഹകരണ മേഖലയിൽ കടന്നുകൂടിയിട്ടുള്ള കൊള്ളരുതായ്മകൾ ഉന്മൂലനം ചെയ്യുന്നതിന് സമഗ്രമായ ഒരു നിയമം കൊണ്ടുവരണം. സഹകരണമേഖല എല്ലാ ജനങ്ങൾക്കും പ്രയോജനകരമായ വിധത്തിൽ കുറ്റമറ്റതാക്കി രാഷ്ട്രീയത്തിനതീതമായി പ്രവർത്തിപ്പിക്കാൻ കഴിയുമോ എന്ന് ആലോചിക്കണം.

സഹകരണ വകുപ്പുമന്ത്രി <u>(ശ്രീ.എം.വി. രാഘവൻ):</u> സഹകരണ മേഖലയുടെ പുരോഗതിക്കുവേണ്ടി ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ തെറ്റായ ധാരണകൾ തിരുത്തണം. കേരളത്തിലെ കർഷകർക്ക് കുറഞ്ഞ പലിശയ്ക്ക് നബാർഡ് കൊടുത്തുകൊണ്ടിരുന്ന വായ്പ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരിന്റെ കാലത്ത് ഇല്ലാതാക്കി. നബാർഡിന്റെ തീരുമാനത്തിനു വിരുദ്ധമായി പ്രവർത്തിച്ചതിനാലാണ് കൃഷിക്കാർക്ക് കിട്ടിക്കൊണ്ടിരുന്ന ആനുകൂല്യം ഇല്ലാതായത്. ജനാധിപത്യം പുന:സ്ഥാ പിക്കാൻ വേണ്ടിയാണ് ഈ ഓർഡിനൻസ് വേണ്ടിവന്നത്. ജില്ലാ ബാങ്കുകളിൽ മെമ്പർഷിപ്പ് നഷ്ടപ്പെട്ട സൊസൈറ്റികൾക്ക് അത് തിരിച്ചു കൊടുക്കുകയാണ്. ഈ സർക്കാർ സഹകരണ മേഖലയിൽ പെൻഷൻ പദ്ധതി നടപ്പിലാക്കുകയാണ്. കോടതിവിധി വന്നതുകൊണ്ടാണ് അവിശ്വാസപ്രമേയം കൊണ്ടുവരാനുള്ള വ്യവസ്ഥ ഉൾപ്പെടുത്തിയത്. ആക്ടീവ് മെമ്പർഷിപ്പ് ഭരിക്കുന്നവർക്ക് ദുരുപയോഗം ചെയ്യാനുള്ളതാണ്. അതുകൊണ്ടാണ് ആ സമ്പ്രദായം വേണ്ടെന്നു വച്ചത്. സഹകരണ പ്രസ്ഥാനത്തെ ശക്തിപ്പെടുത്താനാണ് ഈ ഭേദഗതി കൊണ്ടു വന്നത്.. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് സ്റ്റേറ്റ് ബാങ്കിൽ പണം ഡെപ്പോസിറ്റ് ചെയ്തതുമായി ബന്ധപ്പെട്ട ആരോപണം സി.ബി.ഐ. അന്വേഷിക്കണമെന്ന് ഈ ഗവൺമെന്റാണ് ഉത്തരവിട്ടത്. പരിയാരം മെഡിക്കൽ കോളേജിന് 160 കോടി രൂപ കൊടുത്തു എന്ന ആക്ഷേപം ശരിയല്ല. 60 കോടി രൂപ ശമ്പളത്തിനുവേണ്ടിയാണ് കൊടുത്തത്. അത് ഷെയറായി കണക്കാക്കാമെന്നു ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. വടക്കൻ കേരളത്തിലെ പ്രധാനപ്പെട്ട ആതുര ശുശ്രൂഷാ കേന്ദ്രമായ പരിയാരം മെഡിക്കൽ കോളേജ് സ്ഥിതിചെയ്യുന്ന ലാന്റ് ചാരിറ്റബിൾ സൊസൈറ്റിയുടേതാണ് എന്നു കാണിച്ചു കൊടുത്ത് കേസ്സിന് എതിരായി ഈ സർക്കാർ അപ്പീൽ പോയിട്ടുണ്ട്. ഇന്നത്തെ നിയമം നിലനിറുത്തിക്കൊണ്ടുതന്നെ സമഗ്രമായ ഒരു പുതിയ നിയമം കൊണ്ടുവരുന്നതിനെപ്പറ്റി ചർച്ച ചെയ്യാം.

ഭേദഗതികൾ സഭ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുചെയ്തപ്രകാരമുള്ള 2002–ലെ കേരള സഹകരണ സംഘം (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

2–ാം വകുപ്പ്

ശ്രീ. ടി. എ. ൻ. പ്രതാപൻ: 111– ാം നംപർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. ടി. കെ. ദേവകുമാർ: 112– ാം നംപർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: 113–ാം നംപർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. വി. ചെന്താമരാക്ഷൻ: 115–ാം നംപർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. പി. ജയരാജൻ: രണ്ടാം വകുപ്പിൽ (ഐ.) (എ.)–യിൽ കോ–ഓപ്പറേറ്റീവ് ബാങ്കുകളും എന്നതിനുശേഷം എംപ്ളോയീസ് കോ–ഓപ്പറേറ്റീവ് വായ്പാസംഘങ്ങളും എന്നുകൂടി കൂട്ടിച്ചേർക്കുന്നത് നന്നായിരിക്കും.

ശ്രീ. എം. വി. ജയരാജൻ: ക്രെഡിറ്റ് മേഖലയിലെ 1553 സംഘങ്ങൾ പിടിക്കാൻ ഉദ്ദേശിക്കുന്നില്ല. ജില്ലാ ബാങ്കും സംസ്ഥാന ബാങ്കും പിടിച്ചുവെന്ന് മന്ത്രി സമ്മതിക്കുന്നു. 1553 പ്രാഥമിക സംഘങ്ങളുടെ മുകളിലുള്ള അതോറിറ്റിയെ പിടിച്ചാൽ ഇത്രയും സംഘങ്ങളെ വിഴുങ്ങുന്നതിന് തുല്യമാണ്.

സഹകരണ വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ): ഭേദഗതികൾ സ്വീകാര്യമല്ല.

ഭേദഗതികൾ സഭ നിരാകരിച്ചു.

2–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2–ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

3–ാം വകുപ്പ്

സഹകരണ വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ) താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിക്കുന്നു.

" In clause 3 after the words" in section 18 of the Principal Act the following words shall be inserted. "in sub section (1)"

ശ്രീ. വി. ചെന്താമരാക്ഷൻ: 125, 126, 128,132 എന്നീ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. പി. ജയരാജൻ: 129–ാം നംപർ ഭേദഗതി അവതരിപ്പിക്കുന്നു.

സഹകരണ വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ): ഭേദഗതികൾ സ്വീകാര്യമല്ല.

മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതി സഭ അംഗീകരിച്ചു.

മറ്റു ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതിചെയ്തപ്രകാരമുള്ള 3–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതിചെയ്തപ്രകാരമുള്ള 3–ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 4–ാം വകുപ്പ്

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: 148, 151 എന്നീ നംപർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. ടി. എൻ. പ്രതാപൻ: 144–ാം നംപർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. ആര്യാടൻ മുഹമ്മദ്: 145–ാംനംപർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. എം. വി. ജയരാജൻ: 146, 147 എന്നീ നംപർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

സഹകരണ വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ) ഭേദഗതികൾ സ്വീകാര്യമല്ല..

ഭേദഗതികൾ സഭ നിരാകരിക്കുകയോ സഭയുടെ അനുമതിയോടുകൂടി പിൻവലിക്കുകയോ ചെയ്തു.

4–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

4–ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 5–ാം വകുപ്പ്

ശ്രീ. എ. കെ. ബാലൻ: 161, 166 എന്നീ നംപർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. വി. ചെന്താമരാക്ഷൻ: 163, 164 എന്നീ നംപർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. പി. ജയരാജൻ: 165–ാം നംപർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. ആര്യാടൻ മുഹമ്മദ്: 171–ാം നംപർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഈ വകുപ്പ് നിയമത്തിൽ ഉൾപ്പെടുത്തുന്നതോടുകൂടി സഹകരണമേഖലയിൽ വലിയ അരാജകത്വം വരാൻ പോകുകയാണ്. സഹകരണ മേഖലയിലെ എല്ലാവരും കള്ളൻമാരാണെന്നുള്ള രീതിയിൽ ഭേദഗതി കൊണ്ടുവരുന്നത് ശരിയല്ല.

ശ്രീ. എം. വി. ജയരാജൻ: സംഘങ്ങളുടെ ബൈലായിൽ ഭാരവാഹികളെപ്പറ്റി പറയുന്നത് വ്യത്യസ്ത പേരുകളിലാണ്. അതുകൊണ്ട് പ്രസിഡന്റ്/ വൈസ് പ്രസിഡന്റ്/ ട്രഷറർ എന്നീ വാക്കുകൾക്ക് പകരം സംഘം ബൈലായിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ഔദ്യോഗിക സ്ഥാനങ്ങളിലേക്ക് എന്ന് ചേർക്കുന്നതായിരിക്കും ഉത്തമം.

സഹകരണ വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ): ഭേദഗതികൾ സ്വീകാര്യമല്ല.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടുകൂടി പിൻവലിക്കുകയോ ചെയ്തു.

5–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

5–ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 6–ാം വകുപ്പ്

ശ്രീ. വി. ചെന്താമരാക്ഷൻ: 181–ാം നംപർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. പി. ജയരാജൻ: 187, 188 എന്നീ നംപർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. ടി. എൻ. പ്രതാപൻ: 190–ാം നംപർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: 191–ാം നംപർ ഭേദഗതി അവതരിപ്പിക്കുന്നു.

സഹകരണ വകുപ്പുമന്ത്രി (ശ്രീ. എം.വി. രാഘവൻ): ഭേദഗതികൾ സ്വീകാര്യമല്ല.

ഭേദഗതികൾ സഭ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

6–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

6–ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 7–ാം വകുപ്പ്

ശ്രീ. പി.ജയരാജൻ: 197, 200, 208, 222, 226, 234, 241 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ.വി. ചെന്താമ്മരാക്ഷൻ: 198, 207, 218, 230, 231, 233, 240, എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ കോടിയേരി ബാലകൃഷ്ണൻ: 204–ാം നംപർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. ആര്യാടൻ മുഹമ്മദ്: 220, 245 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ എ.കെ.ബാലൻ: 205–ാം നംപർ ഭേദഗതി അവതരിപ്പിക്കുന്നു.

സഹകരണ വകുപ്പുമന്ത്രി (ശ്രീ.എം.വി. രാഘവൻ) ഭേദഗതികൾ സ്വീകാര്യമല്ല.

ഭേദഗതികൾ സഭ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

7–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

7–ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 8–ാം വകുപ്പ്

8–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

8–ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 1– ാം വകുപ്പും പീഠികയും പേരും

ശ്രീ. വി.ചെന്താമ്മരാക്ഷൻ: 84, 86, 89, 90, 92 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: 85, 91, 93 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. എ.കെ. ബാലൻ: 94–ാം നംപർ ഭേദഗതി അവതരിപ്പിക്കുന്നു.

സഹകരണവകുപ്പുമന്ത്രി (ശ്രീ. എം.വി. രാഘവൻ): ഭേദഗതികൾ സ്വീകാര്യമല്ല.

ഭേദഗതികൾ സഭ നിരാകരിച്ചു.

1–ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1–ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

സഹകരണവകുപ്പുമന്ത്രി (ശ്രീ. എം .വി. രാഘവൻ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടു ചെയ്ത പ്രകാരമുള്ള 2002–ലെ കേരള സഹകരണ സംഘം (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ.കെ.ശങ്കരനാരായണൻ): പ്രമേയത്തെ പിൻതാങ്ങുന്നു.

(2002–ലെ കേരള സഹകരണ സംഘം (ഭേദഗതി) ബിൽ പാസ്സാക്കുന്നതിൽ പ്രതിഷേധിച്ച് സർവശ്രീ കോടിയേരി ബാലകൃഷ്ണൻ, ബിനോയ് വിശ്വം എന്നീ പ്രതിപക്ഷ കക്ഷി നേതാക്കൻമാർ പ്രസ്താവന നടത്തുകയും അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭ വിട്ടു പുറത്തു പോകുകയും ചെയ്തു)

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടു ചെയ്ത പ്രകാരമുള്ള 2002–ലെ കേരള സഹകരണസംഘം (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

സഭ വൈകുന്നേരം 6.30–ന് പിരിഞ്ഞു.